2016 സെപ്റ്റംബർ 27 ചൊവ്വ

# തനിനിറം™ എക്സ്പ്രസ്

പത്രാധിപർ: ആർ. രാജൻ എടയാടി

Reg.No: KERBIL - 2013/49578




Vol.: 04. Issue: 24 | പ്രവാസി മലയാളി സംരംഭം | അഴിമതിക്കും അനീതിയ്ക്കുമെതിരെ എന്നും ജനങ്ങൾക്കൊപ്പം... | പേജ് 4 വില 4.00 രൂപ

## എഡിറ്റോറിയൽ

### സൗജന്യ ചികിൽസയുടെ പേരിലും തട്ടിപ്പ്

സംസ്ഥാനത്തെ പാവപ്പെട്ട രോഗികൾക്കു സൗജന്യ ചികിൽസ നടപ്പാക്കിയ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ നടക്കുന്ന തട്ടിപ്പുകൾ സാധാരണക്കാരെ വലയ്ക്കുകയാണ്. പദ്ധതിയിൽ അംഗങ്ങളായ സ്വകാര്യ ആശുപത്രികളെല്ലാം സംസ്ഥാന സർക്കാരിന്റെ കെടുകാര്യസ്ഥതമൂലം പുറത്തുപോവുകയാണ്. ഈ പദ്ധതി തുടങ്ങിയപ്പോൾ 200ഓളം ആശുപത്രികൾ ഉണ്ടായിരുന്നിടത്ത് ഇപ്പോൾ വെറും 60 എണ്ണം മാത്രമാണുള്ളത്. സംസ്ഥാനത്തെ വൻകിടക്കാരടക്കം രണ്ടായിരത്തോളം ആശുപത്രികളിൽ സൗജന്യ ചികിൽസാ പദ്ധതി ഘട്ടംഘട്ടമായി നടപ്പാക്കുമെന്നായിരുന്നു സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപനം.

സംസ്ഥാനത്തെ ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാർ സർക്കാരിന്റെ പ്രഖ്യാപനത്തിൽ വിശ്വസിച്ച് ആരോഗ്യ ഇൻഷുറൻസ് കാർഡുമായി നടക്കുന്നു. സൗജന്യ ചികിൽസ ഏക ആശ്രയമാണെന്നു കരുതിയവർ പെരുവഴിയിലായി. നിലവിൽ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളജുകളിലും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്കു സൗജന്യ ചികിൽസയും മറ്റുള്ളവർക്ക് സൗജന്യ നിരക്കും ലഭിക്കുമ്പോൾ അവിടേക്ക് മാത്രമായിട്ടെന്തിനാണ് ആരോഗ്യ ഇൻഷുറൻസ് കാർഡ് എന്ന ചോദ്യം പ്രസക്തമാവുകയാണ്. പാവപ്പെട്ടവർക്കും മെച്ചപ്പെട്ട ചികിൽസയെന്ന ലക്ഷ്യവുമായി കേന്ദ്രസർക്കാർ രാജ്യവ്യാപകമായി കൊണ്ടുവന്ന ആരോഗ്യ ഇൻഷുറൻസ് പദ്ധതി 2009 അവസാനമാണു കേരളത്തിൽ നടപ്പാക്കിത്തുടങ്ങിയത്.

ഈ പദ്ധതി തുടക്കത്തിൽ സർക്കാർ മെഡിക്കൽ കോളേജുകളിലും ജില്ലാ–താലൂക്ക് ആശുപത്രികളിലുമാണ് ഉൾപ്പെടുത്തിയിരുന്നത്. പദ്ധതിയുടെ പ്രയോജനം പൂർണ്ണമായി പ്രയോജനപ്പെടണമെങ്കിൽ സ്വകാര്യ ആശുപത്രികളിലും ഈ പദ്ധതി നടപ്പാക്കണമെന്ന ഉദ്ദേശത്തോടെയാണ് അതിനു ശ്രമം നടത്തിയത്. ആരോഗ്യ ഇൻഷുറൻസ് കാർഡ് ലഭിക്കാൻ 30 രൂപയാണു ചെലവ്. ദാരിദ്ര്യരേഖയ്ക്കു മുകളിലുള്ളവർ 530 രൂപയും നൽകണം. ഇതുപ്രകാരം ഒരാൾക്ക് ഒരു ദിവസം 500 രൂപയുടെ ചികിൽസ ലഭിക്കും. ഐസിയു ചികിൽസയാണെങ്കിൽ 1000 രൂപ വരെ ലഭിക്കും.

ഇത്തരമൊരു ചികിൽസാ പദ്ധതി സാധാരണജനങ്ങളെ സംബന്ധിച്ചിടത്തോളം വളരെ ആശ്വാസകരമായിരുന്നു. ചികിൽസ കഴിഞ്ഞുകിടക്കുന്ന രോഗികൾക്ക് വണ്ടിക്കൂലിയായി 100 രൂപയും ലഭിക്കുമായിരുന്നു. കാർഡുമായി ആശുപത്രിയിൽ എത്തി റജിസ്റ്റർ ചെയ്താൽ അപ്പോൾതന്നെ ചികിൽസ ലഭിച്ചു തുടങ്ങും. ചികിൽസ നൽകിയാൽ 21 ദിവസത്തിനകം സ്വകാര്യ ആശുപത്രികൾക്കു പണം ലഭിക്കുമായിരുന്നു. പദ്ധതി സർക്കാരിൽ നിന്നും യുണൈറ്റഡ് ഇന്ത്യ അഷ്വറൻസ് കമ്പിനി ഏറ്റെടുത്തിരുന്നു. ഇവർക്കുള്ള പ്രീമിയം അതാതു സമയം സർക്കാർ ഇൻഷുറൻസ് കമ്പനികൾക്ക് നൽകിയിരുന്നെങ്കിലും അവർ സ്വകാര്യ ആശുപത്രികൾക്ക് ആ തുക യഥാസമയം കൈമാറാതിരുന്നതാണ് സ്വകാര്യ ആശുപത്രികൾ മാറാൻ കാരണം.

സൗജന്യ ചികിൽസ നൽകിയിരുന്ന സ്വകാര്യ ആശുപത്രികൾ തങ്ങൾക്കു ഫണ്ട് ലഭിക്കുന്നില്ലെന്നു പലവട്ടം സർക്കാരിനെ അറിയിച്ചിട്ടും മാറിമാറി വരുന്ന സർക്കാരുകളൊന്നും ഇക്കാര്യത്തിൽ ശക്തമായ തീരുമാനമെടുത്തില്ല. ആയിരക്കണക്കിനു സാധാരണക്കാരാണ് പെരുവഴിയിലായത്. ഇൻഷുറൻസ് കമ്പനിയുടെ ഈ തട്ടിപ്പിനെക്കുറിച്ച് അന്വേഷിക്കാനും ആവശ്യമായ നടപടികളെടുക്കാനും സർക്കാർ ഇനിയും അമാന്തിച്ചുകൂടാ.

പത്രാധിപർ ആർ. രാജൻ എടയാടി.

# കെ. എം. മാണി തോംസൺ ഗ്രൂപ്പിന് 62 കോടിയുടെ നികുതി ഒഴിവാക്കി



കൊച്ചി: തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന

## വിജിലൻസ് കുരുക്ക് മുറുകുന്നു

തോംസൺ ഗ്രൂപ്പിന് 62 കോടി രൂപയുടെ നികുതികുടിശിക ഒഴിവാക്കി നൽകിയതുമായി ബന്ധപ്പെട്ട് മുൻ ധനമന്ത്രി കെ.എം.മാണിക്കെതിരേ കുരുക്കുമുറുക്കി വിജിലൻസ്.

മാണി ഇടപെട്ടാണ് സർക്കാരിന് ലഭിക്കേണ്ട നികുതി പണം നഷ്ടമാക്കിയതെന്നതാണ് വിജിലൻസ് വാദം.

ഇതിനെ സാധൂകരിക്കുന്ന തെളിവും വിജിലൻസ് ഹൈക്കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിനൊപ്പം നൽകി.

നികുതികുടിശിക അടയ്ക്കാതിരുന്നതിനെ തുടർന്നുള്ള റവന്യൂ വകുപ്പിന്റെ ജപ്തി മാണി ഇടപെട്ടാണ് സ്റ്റേ ചെയ്തതെന്നാണ് വിജിലൻസ് കണ്ടെത്തിയിരിക്കുന്നത്. ഇത് സംബന്ധിച്ച് മാണി നൽകിയ ഉത്തരവ് വിജിലൻസ് മുകുന്ദപുരം താലൂക്ക് ഓഫീസിൽ നിന്നും പിടിച്ചെടുത്തു. ഇതാണ് ഹൈക്കോടതിയിൽ സമർപ്പിച്ചിരിക്കുന്നത്.

കോഴി നികുതിയിളവ് കേസിൽ തനിക്കെതിരേ രജിസ്റ്റർ ചെയ്ത എഫ്ഐആർ റദ്ദാക്കണമെന്ന് ആവശ്യപ്പെട്ട് മാണി നൽകിയ ഹർജി പരിഗണിക്കുന്നതിനിടെയാണ് വിജിലൻസിന്റെ സത്യവാങ്മൂലം. അഞ്ച് ലക്ഷത്തിന് മുകളിലുള്ള റവന്യൂ ജപ്തികൾ സ്റ്റേ ചെയ്യാൻ മുഖ്യമന്ത്രിക്ക് മാത്രമാണ് അധികാരം എന്നാണ് വിജിലൻസ് ഹൈക്കോടതിയെ അറിയിച്ചത്.

മുഖ്യമന്ത്രിയെയും മറികടന്ന് മാണി അനധികൃതമായി തോംസൺ ഗ്രൂപ്പിന് വേണ്ടി ഇടപെട്ടുവെന്നാണ് വിജിലൻസ് കണ്ടെത്തൽ.

തനിക്ക് തോംസൺ ഗ്രൂപ്പ് നൽകിയ അപേക്ഷ റവന്യൂ വകുപ്പിന് കൈമാറുക മാത്രമാണ് ചെയ്തതെന്നാണ് ഇക്കാര്യത്തിൽ മാണി നൽകി വിശദീകരണം. എഫ്ഐആർ റദ്ദാക്കണമെന്ന ഹർജിയിൽ മാണിക്ക് വേണ്ടി മുതിർന്ന അഭിഭാഷകൻ എം.കെ.ദാമോദരനാണ് ഹാജരാകുന്നത്.

അതിനിടെ മാണി ആയൂർവേദ മരുന്ന് കമ്പനികൾക്കും മുൻകാല പ്രാബല്യത്തോടെ നികുതിയിളവ് നൽകിയതിൽ ക്രമക്കേടുണ്ടടന്ന് വിജിലൻസ് കണ്ടെത്തിയിട്ടുണ്ട്. ആയൂർവേദ കമ്പനികൾക്ക് ചുമത്തിയിരുന്ന നികുതി 12.5 ശതമാനത്തിൽ നിന്നും നാല് ശതമാനമാക്കി മന്ത്രിയായിരുന്നപ്പോൾ മാണി കുറച്ചു നൽകി. ഇതിന് 2014 മുതൽ മുൻകാല പ്രാബല്യവും നൽകി.

എന്നാൽ മുൻകാലപ്രാബല്യം ലഭിച്ച കാലയളവിലും കമ്പനികൾ 12.5 ശതമാനം നികുതി തന്നെയാണ് ഉപഭോക്താക്കളിൽ നിന്നും വാങ്ങിയതെന്നും ഇതുവഴി കോടികൾ കമ്പനികൾക്ക് ലാഭമായി ലഭിച്ചുവെന്നുമാണ് വിജിലൻസിന്റെ കണ്ടെത്തൽ.

## അനധികൃത സ്വത്ത് സമ്പാദനം

# ലോക്കർ കാലിയാക്കിയത് ബാബുവിന്റെ ഭാര്യ ഗീത



കൊച്ചി: അനധികൃത സ്വത്തുസമ്പാദനവുമായി ബന്ധപ്പെട്ട് മുൻമന്ത്രി കെ ബാബുവിന്റെ ഭാര്യ ഗീതയെ വിജിലൻസ് ചോദ്യം ചെയ്തു. വീട്ടിലെത്തിയാണ് ഗീതയെ ചോദ്യം ചെയ്തത്. ബാർ കോഴയുമായി ബന്ധപ്പെട്ട് ബാബുവിനെതിരെ അന്വേഷണം ഉയർന്ന സാഹചര്യത്തിൽ ലോക്കറിൽനിന്ന് രേഖകൾ മാറ്റിയത് ഗീതയാണെന്ന് വിജിലൻസ് കണ്ടെത്തിയിരുന്നു. അവരുടെ സഹോദരൻ ജോഷിയേയും വിജിലൻസ് ചോദ്യം ചെയ്തു

കേസിൽ വിജിലൻസ് അന്വേഷണം ആരംഭിച്ചതിനു പിന്നാലെ ബാബുവിന്റെ ഭാര്യ ബാങ്ക് ലോക്കറിൽനിന്ന് സാധനങ്ങൾ മാറ്റുന്നതിന്റെ സിസി ടിവി ദൃശ്യങ്ങൾ വിജിലൻസിന് ലഭിച്ചിരുന്നു. എസ്ബിടി തൃപ്പൂണിത്തുറ ശാഖയിലെ ലോക്കറിൽനിന്ന് ഗീത സാധനങ്ങൾ കൊണ്ടുപോകുന്നതിന്റെ ദൃശ്യങ്ങളാണ് വിജിലൻസ് കണ്ടെടുത്തത്. ഇതിന്റെ വിശദാംശങ്ങളാണ് അന്വേഷണസംഘം ചോദിച്ചറിഞ്ഞത്.

ജൂലൈ 27, 28, ഓഗസ്റ്റ് 10 തീയതികളിലാണ് ബാബുവിന്റെയും ഭാര്യയുടെയും പേരിലുള്ള ലോക്കറുകളിൽനിന്ന് ഭാര്യ സാധനങ്ങൾ മാറ്റിയത്.

ബാബുവിന്റെ സഹോദരൻ ജോഷിയിലേക്കും അന്വേഷണം നീളുന്നതായാണ് വിവരങ്ങൾ. ബാബു അനധികൃതമായി സമ്പാദിച്ച സ്വത്ത് ജോഷിയുടെ പേരിലേക്ക് മാറ്റിയിട്ടുണ്ടെന്ന സംശയത്തിന്റെ അടിസ്ഥാനത്തിലാണ് ഇയാളെ ചോദ്യം ചെയ്തത്. എൽഐസിയിൽ ഡെവലപ്മെന്റ് ഓഫീസറാണ് ജോഷി.

മൂന്ന് മണിക്കൂറുകളോളം വിജിലൻസ് സംഘം ഗീതയെ ചോദ്യം ചെയ്തു. ബാബുവിന്റെ സഹോദരനെതിരെയും വിജിലൻസിന് പരാതി ലഭിച്ചിരുന്നു. ബാബുവിന് വേണ്ടി പണം പിരിച്ചതായും അഴിമതിക്ക് കൂട്ട് നിന്നതായുമായിരുന്നു പരാതി. ഇതിന്റെ അടിസ്ഥാനത്തിലാണ് ജോഷിയെ ചോദ്യം ചെയ്തത്. ജോഷിയുടെ പേരിലും ബാബു സ്വത്തുവകകൾ സമ്പാദിച്ചതായി വിജിലൻസിന് സംശയമുണ്ട്.

ബാബുവിനെതിരായ അനധികൃത സ്വത്തുസമ്പാദന ക്കേസിൽ വിജിലൻസ് രണ്ടാംഘട്ട അന്വേഷണത്തിലാണ്. നേരത്തെ ചോദ്യം ചെയ്തവരെ വീണ്ടും വിളിച്ചുവരുത്തി വിജിലൻസ് ചോദ്യം ചെയ്യുകയാണ്. ഇതിന്റെ ഭാഗമായി കെ ബാബുവിന്റെ പിഎ ആയിരുന്ന നന്ദകുമാറിനെ രണ്ടാം വട്ടവും ചോദ്യം ചെയ്തിരുന്നു. ഇതിനിടെ കഴിഞ്ഞ അഞ്ച് തെരഞ്ഞെടുപ്പുകളിലായി കെ ബാബു സമർപ്പിച്ച സത്യവാങ്മൂലത്തിലെ സ്വത്തുവിവരങ്ങൾ സംബന്ധിച്ച കണക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷൻ വിജിലൻസിന് കൈമാറിയിട്ടുണ്ട്. കെ ബാബു സമർപ്പിച്ച കണക്കും വിജിലൻസിനെ പരിശോധനയിലെ സ്വത്തുവിവരങ്ങളും തമ്മിലുള്ള പൊരുത്തക്കേടും എംഎൽഎ ആയിരിക്കെ ബാബുവിന്റെ സ്വത്തുക്കളിലുണ്ടായ വർധനയുമാണ് വിജിലൻസ് പരിശോധിക്കുന്നത്. ഇവയെക്കുറിച്ചെല്ലാം ഭാര്യക്കും സഹോദരനും അറിയാമെന്നാണ് വിജിലൻസ് കരുതുന്നത്.

## പരിഗണന ലഭിക്കുന്നില്ല; വി.എസ്. സ്പീക്കറെ അതൃപ്തിയറിയിച്ചു

തിരുവനന്തപുരം: നിയമസഭയിലെ മുതിർന്ന അംഗമെന്ന പരിഗണന തനിക്ക് ലഭിക്കുന്നില്ലെന്ന് ഭരണപരിഷ്കാര കമ്മീഷൻ അധ്യക്ഷൻ വി.എസ്. അച്യുതാനന്ദൻ. ഇക്കാര്യം ചൂണ്ടിക്കാട്ടി വി.എസ് സ്പീക്കർക്ക് കത്തു നൽകി.

ക്യാബിനെറ്റ് പദവി ഉണ്ടായിട്ടും മുറിയോ മറ്റു സൗകര്യങ്ങളോ തനിക്ക് നൽകുന്നില്ലെന്നും നിയമസഭയിൽ വിശ്രമിക്കാൻ സൗകര്യമില്ലെന്നും വി.എസ് കത്തിൽ സൂചിപ്പിച്ചു.

## അന്തർ സംസ്ഥാന പെൺവാണിഭ സംഘം പിടിയിൽ

തിരുവനന്തപുരം: അന്തർ സംസ്ഥാന പെൺവാണിഭ സംഘം പിടിയിൽ. തിരുമല തൃക്കണ്ണാപുരം കുന്നപ്പുഴയിൽ അഞ്ച് സ്ത്രീകൾ ഉൾപ്പെടെ എട്ട് പേരെയാണ് പൂജപ്പുര പോലീസ് പിടികൂടിയത്. ഫോൺ വഴി ബന്ധപ്പെടുന്ന ആവശ്യക്കാർക്ക് സ്ത്രീകളെ എത്തിച്ച് കൊടുക്കുന്ന സംഘമാണ് പിടിയിലായത്.

പിടിയിലായ അഞ്ച് സ്ത്രീകളിൽ ഒരാൾ ആന്ധ്രാപ്രദേശ് സ്വദേശിനിയാണ്. മലയാളികളായ നാല് സ്ത്രീകളിൽ രണ്ട് പേർ നേരത്തെ അനാശാസ്യത്തിന് അറസ്റ്റിലായവരാണെന്ന് മ്യൂസിയം സിഐ അനിൽകുമാർ പറഞ്ഞു. വീട്ടിൽ നടന്ന റെയ്ഡിൽ സംഘത്തെ പിടികൂടുമ്പോൾ അവിടെ ഉണ്ടായിരുന്ന മൂന്ന് പേരെ കൂടി പോലീസ് അറസ്റ്റ് ചെയ്തു.

വട്ടിയൂർക്കാവ് സ്വദേശി ഷിബു(41), മണക്കാട് സ്വദേശി രാമകൃഷ്ണൻ(61), വട്ടപ്പാറ സ്വദേശി ദിലീപ് കുമാർ(32) എന്നിവരെയാണ് വീട്ടിൽ നിന്നും സംഘത്തോടൊപ്പം പിടികൂടിയത്. സംഘത്തിൽ ഉൾപ്പെട്ട ഒരു സ്ത്രീയും ഭർത്താവുമാണ് റെയ്ഡ് ചെയ്ത വീട്ടിൽ താമസിച്ചിരുന്നത്. ഓൺലൈൻ പെൺവാണിഭ സംഘങ്ങളുമായി ഇവർക്ക് ബന്ധമുണ്ടോ എന്ന് പോലീസ് അന്വേഷിച്ച് വരികയാണ്.

## രാഹുൽ ഗാന്ധിക്കു നേരെ ചെരിപ്പേറ്

ലക്നോ: കോൺഗ്രസ് ഉപാധ്യക്ഷൻ രാഹുൽ ഗാന്ധിക്കു നേരെ ചെരിപ്പേറ്. ഉത്തർ പ്രദേശിലെ സീതാപൂരിലാണ് സംഭവം. രാഹുൽ നയിക്കുന്ന കിസാൻ യാത്രയുടെ രണ്ടാംഘട്ടം സീതാപൂരിൽ നിന്ന് ആരംഭിച്ചതിനു ശേഷമാണ് ചെരിപ്പേറുണ്ടായത്. ചെരിപ്പെറിഞ്ഞയാളെ പോലീസ് കസ്റ്റഡിയിലെടുത്തു. മാധ്യമപ്രവർത്തകനായ ഹരി ഓം മിശ്രയാണ് അറസ്റ്റിലായത്.

# കൊലപാതകം നടത്തുന്നതിന് പരിശീലനം കിട്ടിയ ചില സംഘടനകൾ കേരളത്തിലുണ്ട്: പിണറായി വിജയൻ

തിരുവനന്തപുരം: കൊലപാതകങ്ങൾക്ക് വേണ്ടി നിലകൊള്ളുന്ന രാഷ്ട്രീയ പാർട്ടികൾ കേരളത്തിലുണ്ടെന്ന് കരുതുന്നില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ പറഞ്ഞു.എന്നാൽ, കൊലപാതകം നടത്തുന്നതിന് പരിശീലനം നൽകുന്ന ചില സംഘടനകൾ കേരളത്തിലുണ്ട്. ഇവർക്ക് ചില രാഷ്ട്രീയ പാർട്ടികളുമായും ബന്ധമുണ്ടെന്നും പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ പി കെ കുഞ്ഞാലിക്കുട്ടിയുടെ ചോദ്യത്തിന് മറുപടിയായി പിണറായി പറഞ്ഞു.

കൊലപാതകങ്ങളിൽ രാഷ്ട്രീയ കൊലപാതകമെന്നോ അല്ലാത്തവയെന്നോ വേർതിരിച്ചു കാണുന്നില്ല. കൊലപാതകങ്ങളെ കൊലപാതകങ്ങളായി തന്നെയാണ് സർക്കാർ കാണുന്നത്. നാദാപുരത്ത് മുസ്ളീംലീഗ് പ്രവർത്തകന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് ആറു പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും പിണറായി സഭയെ അറിയിച്ചു.

രാജ്യത്തെ രാഷ്ട്രീയ കൊലപാതകങ്ങളിൽ കേരളം പതിനേഴാം സ്ഥാനത്താണെന്നും ഈ വർഷം 334 കൊലപാതകങ്ങളാണ് കേരളത്തിൽ നടന്നതെന്നും ചോദ്യോത്തരവേളയിൽ പിണറായി പറഞ്ഞു.

അതേസമയം സ്വശ്രയ മെഡിക്കൽകോളേജ് പ്രശ്നത്തിൽ പ്രതിപക്ഷം കൊണ്ടുവന്ന അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിച്ചു. സ്വശ്രയ മെഡിക്കൽകോളേജുകളുമായി ഏർപ്പെട്ട കരാർ ഗുണകരമാണെന്ന് ആരോഗ്യമന്ത്രി കെ കെ ശൈലജ പറഞ്ഞു. വിദ്യാർത്ഥികൾക്കോ രക്ഷിതാക്കൾക്കോ കരാറിൽ പരാതിയില്ല.

കരാർപ്രകാരം മെറിറ്റു സീറ്റുകളുടെ എണ്ണം കൂടിയിരിക്കുയാണെന്നും മന്ത്രി അറിയിച്ചു. ഇതോടെ വി എസ് ശിവകുമാർ അനുമതിതേടിയ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിക്കുകയായിരുന്നു. തുടർന്ന് സ്വശ്രയ കരാർ പൊളിച്ചെഴുതണമെന്ന് ആവശ്യപ്പെട്ട് പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തലയുടെ നേതൃത്വത്തിൽ പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിൽ കുത്തിയിരുന്നു പ്രതിഷെധിച്ചു

2016 17ലെ ബജറ്റ് പൂർണമായി പാസാക്കുകയാണ് നവംബർ 10 വരെയുള്ള തീയതികളിൽ 29 ദിവസമായി ചേരുന്ന സഭയുടെ പ്രധാന കാര്യപരിപാടി. ധനവിനിയോഗ ബിൽ ചർച്ച 27നും ഉപധനാഭ്യർഥന ചർച്ച 31നും നടക്കും. ബജറ്റിലെ ധനാഭ്യർഥനകളെ സംബന്ധിച്ച ചർച്ചയ്ക്കും വോട്ടെടുപ്പിനുമായി 13 ദിവസവും അനൌദ്യോഗിക കാര്യങ്ങൾക്കായി അഞ്ചുദിവസവും മാറ്റിവച്ചിട്ടുണ്ട്.

സഭാസമിതികൾ സമർപ്പിക്കുന്ന റിപ്പോർട്ടുകളിൽ സഭയ്ക്കുള്ളിൽ ചർച്ച നടത്തുന്ന രീതിക്ക് തുടക്കംകുറിക്കുന്നതാണ് ഈ സഭാസമ്മേളനത്തിന്റെ പ്രത്യേകത. ധനാഭ്യർഥന ചർച്ചകൾക്കും വോട്ടെടുപ്പിനും ശേഷം ഒന്നോ രണ്ടോ ദിവസം റിപ്പോർട്ടിന്മേലുള്ള ചർച്ചകൾക്കായി നീക്കിവയ്ക്കും.

14-ാം നിയമസഭയുടെ രണ്ടാം സമ്മേളനം തുടങ്ങുമ്പോൾ പ്രതിപക്ഷമായ യുഡിഎഫ് വീണ്ടും ദുർബലമായി. യുഡിഎഫിൽനിന്ന് കേരള കോൺഗ്രസ് മാണി ഗ്രൂപ്പ് വിട്ടുപോയതോടെ തുടക്കത്തിൽ 47 അംഗങ്ങളുണ്ടായിരുന്നത് 41 പേരായി ചുരുങ്ങി. മാണിഗ്രൂപ്പ് പ്രത്യേക വിഭാഗമായാണ് സഭയിലിരിക്കുന്നത്. ഇവരെ കൂടാതെ ബിജെപിയിലെ ഒ രാജഗോപാലും പി സി ജോർജുമാണ് പ്രതിപക്ഷത്തുള്ളത്.

## കോടതികളിലെ മാധ്യമ വിലക്ക്: 29നു ചർച്ച

തിരുവനന്തപുരം: കോടതികളിലെ മാധ്യമ വിലക്കു സംബന്ധിച്ച പ്രശ്നം പൂർണമായും പരിഹരിക്കപ്പെട്ടില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. പ്രശ്നപരിഹാരത്തിനു ഹൈക്കോടതി രജിസ്ട്രാർ ശ്രമിക്കുന്നുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

ഈ മാസം 29ന് ചീഫ് ജസ്റ്റീസിന്റെ സാന്നിധ്യത്തിൽ ഇരുവിഭാഗവുമായി ചർച്ച നടത്തുമെന്നും പിണറായി അറിയിച്ചു. മാധ്യമ പ്രതിനിധികളും ബാർകൗൺസിൽ പ്രതിനിധികളുമാണ് ചർച്ചയിൽ പങ്കെടുക്കുക. വി.ഡി.സതീശന്റെ സബ്മിഷനു മറുപടി നൽകുകവെയാണ് മുഖ്യമന്ത്രി നിയമസഭയിൽ ഇക്കാര്യങ്ങൾ വ്യക്തമാക്കിയത്.

# തീവണ്ടി യാത്രക്കാരുടെ ആശങ്ക പരിഹരിക്കണം: മുഖ്യമന്ത്രി റെയിൽവെ മന്ത്രിക്ക് കത്തയച്ചു

തിരുവനന്തപുരം: കേരളത്തിലെ റെയിൽവെ യാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്താൻ അടിയന്തര നടപടികൾ ഉണ്ടാകണമെന്ന് ചൂണ്ടികാട്ടി മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്ര റെയിൽവെ വകുപ്പുമന്ത്രി സുരേഷ് പ്രഭുവിന് കത്തയച്ചു. കഴിഞ്ഞ രണ്ട് മാസത്തിനിടെ മാത്രം മൂന്ന് തീവണ്ടി അപകടങ്ങൾ ഉണ്ടായ പശ്ചാത്തലത്തിലാണിത്. ഇക്കഴിഞ്ഞ ആഗസ്ത് 13ന് മംഗലാപുരം – തിരുവനന്തപുരം റൂട്ടിൽ സർവ്വീസ് നടത്തുന്ന മാവേലി എക്സ്പ്രസിന്റെ എഞ്ചിന് കാസർകോട് ജില്ലയിൽ ചെറുവത്തൂരിന് അടുത്ത് തീപിടിച്ചു. ആഗസ്റ്റ് 28ന് എറണാകുളത്തിനടുത്ത് കറുകുറ്റി റയിൽവേ സ്റ്റേഷനടുത്ത് തിരുവനന്തപുരം – മംഗലാപുരം എക്സ്പ്രസിന്റെ നിരവധി കോച്ചുകൾ പാളം തെറ്റിയതായിരുന്നു രണ്ടാമത്തെ അപകടം. സെപ്തംബർ 20 നായിരുന്നു അടുത്ത അപകടം. കൊല്ലം ജില്ലയിൽ കരുനാഗപള്ളിക്കടുത്ത് ഗുഡ്സ് തീവണ്ടി പാളം തെറ്റി. കുറച്ച് ആഴ്ചകൾക്ക് മുൻപ് തിരുവനന്തപുരം – ചെന്നൈ എക്സ്പ്രസിന് സിഗ്നൽ തകരാറുമുണ്ടായി.

കേരളത്തിൽ നിന്നും ദീർഘദൂര സർവ്വീസ് നടത്തുന്ന തീവണ്ടികളിൽ അടിസ്ഥാന സൗകര്യങ്ങളായ വെള്ളവും വെളിച്ചവും പോലും ഇല്ലാത്ത അവസ്ഥയാണ്. കോച്ചുകളുടെ ദൈനംദിന ശുചീകരണം പോലും ഉറപ്പുവരുത്തുന്നില്ല. കേരളത്തിന് അനുവദിച്ചിട്ടുള്ള കോച്ചുകൾ കാലഹരണപ്പെട്ടതാണ്. പലതും തുരുമ്പെടുത്തവയാണ്. കൊച്ചുവേളി സ്റ്റേഷനടുത്ത് വച്ച് ഷണ്ടിങ്ങിനിടെ ബോഗികൾ കൂട്ടിയുരഞ്ഞപ്പോൾ അവയിൽ ചിലത് തുരുമ്പെടുത്ത തകര ടിന്നുപോലെ ചിതറിയത് കോച്ചുകളുടെ ഇപ്പോഴത്തെ പരിതാപകരമായ അവസ്ഥയാണ് സൂചിപ്പിക്കുന്നത്.

ആവർത്തിച്ചുണ്ടാകുന്ന അപകടങ്ങളിൽ തീവണ്ടി യാത്രക്കാർ ഭീതിയിലാണ്. ഈ സാഹചര്യത്തിൽ കേരളത്തിലൂടെ സർവ്വീസ് നടത്തുന്ന തീവണ്ടികളിലെ കോച്ചുകളുടെ ശോചനീയാവസ്ഥയും മറ്റ് വിഷയങ്ങളും പരിശോധിക്കണമെന്നും ഇക്കാര്യത്തിൽ കേന്ദ്ര റെയിൽവെ മന്ത്രിയുടെ വ്യക്തിപരമായ ഇടപെടൽ ഉണ്ടാകണമെന്നും മുഖ്യമന്ത്രി അഭ്യർഥിച്ചു. കേരളത്തിലെ റെയിൽവേയുടെ അവസ്ഥ മെച്ചപ്പെടുത്തണമെന്നത് തർക്കമില്ലാത്ത വസ്തുതയാണ്. യാത്രക്കാരുടെയും റെയിൽവേ ജീവനക്കാരുടെയും ആശങ്കക്ക് പരിഹാരുമുണ്ടാക്കണമെന്നും കത്തിൽ മുഖ്യമന്ത്രി അഭ്യർഥിച്ചു.

## നികുതിവെട്ടിച്ച് 1.97 കിലോ സ്വർണം വിറ്റയാൾ പിടിയിൽ

നെയ്യാറ്റിൻകര: നികുതിവെട്ടിച്ച് വിവിധ ജ്വല്ലറികളിൽ വിൽപ്പനയ്ക്കായി കൊണ്ടുവന്ന രണ്ടുകിലോ സ്വർണാഭരണങ്ങൾ പിടികൂടി. നെയ്യാറ്റിൻകര ജങ്ഷനിൽ കോൺവെന്റ് റോഡിന് സമീപം ശനിയാഴ്ച വൈകിട്ട് നാലോടെയാണ് വാണിജ്യനികുതി വകുപ്പിന്റെ സ്ക്വാഡ് അങ്കമാലി സ്വദേശി ജോയ്ചാക്കോയെ പിടികൂടിയ്ത്. ഇയാളുടെ കൈവശം 58 ലക്ഷത്തോളം വിലവരുന്ന 1.97 കിലോ സ്വർണാഭരണങ്ങളുണ്ടായിരുന്നു.

തിരുവനന്തപുരം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ സ്വർണാഭരണങ്ങൾ വിറ്റഴിക്കുന്നത് നെയ്യാറ്റിൻകരയിലും വിഴിഞ്ഞത്തുമാണ്. നെയ്യാറ്റിൻകര വിജിലൻസ് വിഭാഗം ഓഫീസർ സി എസ് അനിൽ, ഇൻസ്പെക്ടർമാരായ ബിനു, പ്രേംജിത് എന്നിവരുടെ നേതൃത്വത്തിലാണ് പരിശോധന. പരിശോധന ശക്തമാക്കുമെന്നും നികുതി ചോർച്ച തടയുമെന്നും സി എസ് അനിൽ അറിയിച്ചു.

## അഭിഭാഷകർക്ക് മർദനം: മൂന്നു പേർ അറസ്റ്റിൽ

ബാലരാമപുരം: അഭിഭാഷക കമീഷൻ അംഗങ്ങളെ മർദിച്ച കേസിൽ മൂന്നുപേരെ നരുവാമൂട് പൊലീസ് അറസ്റ്റ് ചെയ്തു. യൂത്ത് കോൺഗ്രസ് ആറ്റിങ്ങൽ പാർലമെന്റ് മണ്ഡലം സെക്രട്ടറിയും മലയിൻകീഴ് പഞ്ചായത്ത് അംഗവുമായ എരുത്താവൂർ നെല്ലിമൂട്ടുവിള എ ആർ മൻസിലിൽ ഷൈജു എന്ന നിയാദുൾ അക്സർ (36), എരുത്താവൂർ ചപ്പാത്ത് എ വി മൻസിലിൽ നവാസ് (28), ഷാനവാസ് (30) എന്നിവരാണ് പൊലീസ് പിടിയിലായത്.

അഭിഭാഷക കമീഷൻ മലയിൻകീഴ് പാലോട്ടുവിള ദർശനയിൽ അഡ്വ. പ്രസിദ്ധ്, ഗുമസ്തൻ പെരുമ്പഴുതൂർ കൃഷ്ണവിലാസത്തിൽ അഭിലാഷ്, ഷാജി എന്നിവരെയാണ് നാൽവർസംഘം മർദിച്ചവശനാക്കിയത്. ഇവർ നെയ്യാറ്റിൻകര ജില്ലാ ജനറൽ ആശുപത്രിയിൽ ചികിത്സതേടി. പ്രതികളെ നെയ്യാറ്റിൻകര കോടതി റിമാൻഡ് ചെയ്തു.

## ബിഎസ്എഫ് 63 കിലോ കഞ്ചാവ് പിടികൂടി

കോൽക്കത്ത: പശ്ചിമ ബംഗാളിലെ നാഡിയയിൽ ബിഎസ്എഫ് നടത്തിയ പരിശോധനയിൽ 63 കിലോഗ്രാം കഞ്ചാവ് പിടികൂടി. രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ ഗൗരിപുരിലെ റസീദ് എന്നയാളുടെ വീട്ടിൽ നടത്തിയ പരിശോധനയിലാണ് കഞ്ചാവ് പിടിച്ചെടുത്തത്. എന്നാൽ റസീദിനെ പിടികൂടാനായിട്ടില്ലെന്ന് ബിഎസ്എഫ് ഉദ്യോഗസ്ഥൻ പറഞ്ഞു. ഈ വർഷം 595 കിലോ കഞ്ചാവാണ് ബംഗാളിലെ ബിഎസ്എഫ് ഉദ്യോഗസ്ഥർ പിടിച്ചെടുത്തത്. സംഭവവുമായി ബന്ധപ്പെട്ട് ആറു പേരെയും കസ്റ്റഡിയിൽ എടുത്തു.

## തമിഴ്നാട്ടിൽ വാഹനാപകടത്തിൽ 11 പേർ മരിച്ചു

അരിയാളൂർ: തമിഴ്നാട്ടിലെ അരിയാളൂരിൽ മരണാനന്തര ചടങ്ങിൽ പങ്കെടുത്തു മടങ്ങുകയായിരുന്ന സംഘം സഞ്ചരിച്ച ചരക്ക് വാഹനം ലോറിയുമായി കൂട്ടിയിടിച്ച് 11 പേർ മരിച്ചു. പതിനാലോളം പേർക്ക് പരിക്കേറ്റു. അരിയാളൂരിലെ തെങ്കാച്ചിപെരുമാളിൽ ഞായറാഴ്ച രാത്രിയാണ് അപകടം. പുതുകുടിയിൽ ഒരാളുടെ മരണാനന്തര ചടങ്ങിൽ പങ്കെടുത്ത ശേഷം തെങ്കാച്ചിപെരുമാൾ ഗ്രാമത്തിൽ തിരികെയെത്താൻ സംഘം ചരക്ക് വാഹനത്തെ ആശ്രയിക്കുകയായിരുന്നു. എന്നാൽ തെങ്കാച്ചിപെരുമാളിന് 500 മീറ്റർ മാത്രം അകലെ എത്തിയപ്പോൾ ലോറിയുമായി കൂട്ടിയിടിക്കുകയായിരുന്നു. നാലു പേർ സംഭവസ്ഥലത്തുതന്നെ മരിച്ചു.

## ഭാരതത്തിലെ യുവാക്കൾ ലോകത്തിന്റെ ഭാഗധേയം നിർണ്ണയിക്കാൻ പ്രാപ്തർ: ഡോ മോഹൻ ഭാഗവത്


പ്രൊഫഷണൽ വിദ്യാർത്ഥി ശിബിരത്തിന്റെ സമാപനപരിപാടിയിൽ ഡോ. മോഹൻ ഭാഗവത് പ്രസംഗിക്കുന്നു

തിരുവനന്തപുരം: വ്യക്തിവാദത്തിന്റെയും അസ്തിത്വവാദത്തിന്റെയും ഈ കാലഘട്ടത്തിൽ ലോകത്തിനെ നയിക്കുവാൻ ഭാരതത്തിനു മാത്രമേ സാധിക്കുവെന്ന് ആർ.എസ്.എസ്. സർസംഘചാലക് ഡോ. മോഹൻ ഭാഗവത് പറഞ്ഞു. രണ്ടുദിവസമായി എറണാകുളം ഭാസ്കരീയത്തിൽ നടന്നുവരുന്ന പ്രൊഫഷണൽ വിദ്യാർത്ഥി ശിബിരത്തിന്റെ സമാപനപരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മറ്റുള്ള ചിന്താധാരകൾ ശരീരത്തെയും മനസ്സിനെയും ബുദ്ധിയെയും കുറിച്ച് ആഴത്തിൽ മനസ്സിലാക്കാൻ ശ്രമിച്ചപ്പോൾ ആത്മാവിനെക്കുറിച്ചും ആത്മീയതയെക്കുറിച്ചും ചിന്തിച്ചത് ഭാരതീയരാണ്. എല്ലാവരെയും സ്നേഹിക്കാൻ പഠിപ്പിച്ചതും ഭാരതം തന്നെ. അതുകൊണ്ട് തന്നെ മറ്റുള്ളവരുടെ വിശ്വാസങ്ങളെയും ചിന്താധാരകളെയും അംഗീകരിക്കാൻ സാധിക്കുന്നു. എന്നാൽ ദുരഭിമാനവും ഭയവും മൗലികവാദത്തെ വളർത്തുന്നു. കാശ്മീരിലെ യുവാക്കൾ കല്ലെറിയുന്നവരായതിനു കാരണം അവരെ തെറ്റായരീതിയിൽ നയിച്ചതുകൊണ്ടാണ്. യുവാക്കൾ ഭാരതത്തിന്റെ ഭാഗധേയം നിർണ്ണയിക്കുന്നവരാണ്.

അവരെ ശരിയായ പാതയിൽ കൊണ്ടുവരാൻ ശ്രമമുണ്ടാകണം. ജീവിതവിജയം നേടുകയെന്നതു മാത്രമല്ല അർത്ഥപൂർണ്ണമായ ജീവിതം നയിക്കുവാൻ യുവാക്കൾക്ക് സാധിക്കണം. ഭാരതം ധർമ്മത്തിൽ വിശ്വസിക്കുന്ന രാഷ്ട്രമാണെന്നും സമന്വയത്തിന്റെ സന്ദേശമാണ് നമുക്ക് ഉയർത്തിക്കാട്ടാനുള്ളതെന്നും അതിനായി യുവാക്കൾ പരിശ്രമിക്കണമെന്നും മോഹൻ ഭാഗവത് വിദ്യാർത്ഥികളോട് ആഹ്വാനം ചെയ്തു.

ആർ.എസ്.എസ്ദക്ഷിണ ക്ഷേത്ര സംഘചാലക് വന്നിയരാജൻ, കേരള പ്രാന്തംസംഘ ചാലക് പി.ഇ.ബി. മേനോൻ, അട്ടപ്പാടി സ്വാമി വിവേകാനന്ദ മെഡിക്കൽ മിഷൻ ചീഫ് മെഡിക്കൽ ഓഫീസർ ഡോ. വി. നാരായണൻ എന്നിവർ സംബന്ധിച്ചു. കേരളത്തിലെ 37 സംഘ ജില്ലകളിൽ നിന്നായി തെരെഞ്ഞെടുത്ത 1321 വിദ്യാർത്ഥികളാണ് ശിബിരത്തിൽ പങ്കെടുത്തത്.

## മോദി ഭരിച്ചിട്ടും ആദിവാസികളുടെ അവസ്ഥയ്ക്ക് മാറ്റമില്ല; കുറ്റപ്പെടുത്തലുമായി സികെ ജാനു

കോഴിക്കോട്: കേന്ദ്രസർക്കാരിനെതിരെ രൂക്ഷ വിമർശനവുമായി ആദിവാസി ഗോത്രസഭാ നേതാവ് സികെ ജാനു. നരേന്ദ്രമോദി സർക്കാർ അധികാരത്തിലേറിയിട്ടും കേരളത്തിലെ ആദിവാസികളുടെ അവസ്ഥ മാറിയിട്ടില്ലെന്ന് സികെ ജാനു കുറ്റപ്പെടുത്തി. ആദിവാസികൾ ഇന്നും കൊടിയ ദുരിതം അനുഭവിക്കുകയാണെന്നും അവർ പറഞ്ഞു.

കേരളത്തിലെ ആദിവാസികളുടെ അവസ്ഥയ്ക്ക് ഒരു മാറ്റവും ഇല്ല. പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് കത്ത് നൽകും. കൂടാതെ മുത്തങ്ങാ കേസിൽ ഉൾപ്പെട്ടിട്ടുള്ള ആദിവാസികളുടെ കേസുകൾ എഴുതി തള്ളണമെന്ന കാര്യവും മോദിയോട് ആവശ്യപ്പെടുമെന്നും ജാനു കോഴിക്കോട് പറഞ്ഞു.

കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ എൻഡിഎ പിന്തുണയോടെ സുൽത്താൻ ബത്തേരിയിൽ നിന്നും സ്വതന്ത്ര്യസ്ഥാനാർത്ഥിയായി സികെ ജാനു മത്സരിച്ച് തോറ്റിരുന്നു. പരാജയത്തെ തുടർന്ന് ജാനുവും സഹപ്രവർത്തകരും ചേർന്ന് രൂപം കൊടുത്ത ജനാധിപത്യ രാഷ്ട്രീയ സഭയെ എൻഡിഎയിലെ ഘടകകക്ഷിയാക്കുന്ന കാര്യത്തിൽ ബിജെപി നേതൃത്വം തീരുമാനം എടുത്തിരുന്നില്ല. ബിജെപി ദേശീയ സമിതിയോടനുബന്ധിച്ച് നടന്ന കൂടിക്കാഴ്ചയിൽ ജാനു ഇതിലെ അതൃപ്തി ബിജെപി നേതൃത്വത്തെ അറിയിച്ചു. ബിജെപി വാഗ്ദാനലംഘനം നടത്തിയെന്നാണ് ജാനുവിനൊപ്പമുള്ളവരുടെ ആരോപണം. ബിജെപി പറഞ്ഞ് പറ്റിച്ചു. തിരഞ്ഞെടുപ്പിന് ശേഷം അവഗണനയാണുണ്ടായതെന്നും ജാനുവിനോടടുപ്പമുള്ളവർ ആരോപിക്കുന്നു.

## മുളകുപൊടി വിതറി മോഷണം: സംഘം പിടിയിൽ

മാവേലിക്കര: ഇരുചക്ര വാഹനങ്ങളിൽ സഞ്ചരിക്കുന്ന സ്ത്രീകളെ പിന്തുടർന്ന് മുളകുപൊടി വിതറി സ്വർണാഭരണങ്ങൾ പിടിച്ചുപറിക്കുന്ന സംഘത്തിലെ രണ്ടുപേരെ അറസ്റ്റ് ചെയ്തു. ഭരണിക്കാവ് പള്ളിക്കൽ നടുവിലേമുറി ബിസ്മിന മൻസിലിൽ ബുനാഷ് ഖാൻ (24), കായംകുളം ചേരാവള്ളി കളീക്കൽ വീട്ടിൽ മുഹമ്മദ് ഷാൻ (19) എന്നിവരെയാണ് മാവേലിക്കര സി.ഐ പി. ശ്രീകുമാറിൻെറ നേതൃത്വത്തിൽ അറസ്റ്റ് ചെയ്തത്.

കഴിഞ്ഞ 16ന് വൈകുന്നേരം നാലരക്ക് കുറക്കാവ് ക്ഷേത്രത്തിനുസമീപം സ്കൂട്ടറിൽ വീട്ടിലേക്ക് വരുകയായിരുന്ന സ്ത്രീയെ മുളകുപൊടിയും മണലും കലർത്തി എറിഞ്ഞ് മാല പൊട്ടിക്കാൻ ശ്രമിച്ചിരുന്നു. അന്ന് രാത്രി ഏഴുമണിയോടെ തെക്കേക്കര കുറത്തികാട് കോട്ടാത്തറ ജങ്ഷനു സമീപമുള്ള ആളൊഴിഞ്ഞ ഇടവഴിയിൽ ചതയദിന ഘോഷയാത്ര കഴിഞ്ഞ് തിരികെപോയ സ്ത്രീയുടെ മാല പൊട്ടിച്ചെടുക്കുകയും ചെയ്ത കേസിലെ പ്രതികളാണ് അറസ്റ്റിലായത്. കായംകുളം, കുറത്തികാട്, വള്ളികുന്നം, പന്തളം സ്റ്റേഷനുകളിലായി പന്ത്രണ്ടോളം കേസുകളിലും തട്ടിക്കൊണ്ടുപോകൽ കേസുകളിലും കച്ചേഷൻ ആക്രമണക്കേസുകളിലും പ്രതിയാണ് ബുനാഷ് ഖാൻ.

കച്ചേഷൻ കുടിപ്പകയിൽ ഇയാളുടെ കാൽ തകർന്ന നിലയിലാണെങ്കിലും സ്ഥിരം കുറ്റവാളിയാണിയാണെന്ന് പൊലീസ് പറയുന്നു.

## മനുഷ്യൻ മനുഷ്യനെ സ്നേഹിക്കുന്ന ജീവിതമാണ് എല്ലാ മതങ്ങളും നല്കുന്ന സന്ദേശം: നുജുമുദ്ദീൻ ഫാളിലി

മുതുകുളം: മനുഷ്യൻ മനുഷ്യനെ സ്നേഹിക്കുന്ന ജീവിതമാണ് എല്ലാ മതങ്ങളും നൽകുന്ന സന്ദേശമെന്ന് കേരള മുസ്ലിം ജമാഅത്ത് കൗൺസിൽ സ്റ്റേറ്റ് സെക്രട്ടറി നുജുമുദ്ദീൻ ഫാളിലി. 'നമുക്ക് ജാതിയില്ല' വിളംബരത്തിന്റെ 100–ാം വാർഷികത്തി ന്റെ ഭാഗമായി മുതുകുളം ബ്ലോക്ക് പഞ്ചായത്ത് മുതുകുളം ഹയർസെക്കണ്ടറി സ്കൂളിൽ സംഘടിപ്പിച്ച സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ജനപ്രതിനിധികളും അദ്ധ്യാപകരും കുട്ടികളും നമുക്ക് ജാതിയില്ല എന്നെഴുതിയ കാൻവാസിൽ ഒപ്പുവെച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ബിപിൻ സി ബാബു അദ്ധ്യക്ഷത വഹിച്ചു.

വൈസ് പ്രസിഡന്റ് എൻ. സോമലത, സ്ഥിരം സമിതി അദ്ധ്യക്ഷൻമാരായ അജയൻ അമ്മാസ്, ആർ.ആനന്ദൻ, അംബുജാക്ഷി ടീച്ചർ, അംഗങ്ങളായ സുജിത്.എസ്. ചേപ്പാട്, ഇന്ദു സന്തോഷ്, എം. മണിലേഖ, ബ്ലോക്ക് ഡെവലപ്പ്മെന്റ് ആഫീസർ രാജീവ്. വി.ആർ. തുടങ്ങിയവർ പങ്കെടുത്തു.


നമുക്ക് ജാതിയില്ല എന്നെഴുതിയ കാൻവാസിൽ നുജുമുദ്ദീൻ ഫാളിലി ഒപ്പുവെക്കുന്നു.

## ഒരു പ്രധാനമന്ത്രിയും ഇതുപോലെ അലറിയിട്ടില്ല: മന്ത്രി ജി. സുധാകരൻ

തിരുവനന്തപുരം: ബി.ജെ.പി ദേശീയ കൗൺസിലിന്റെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്ര മോദി, കോഴിക്കോട്ട് കടപ്പുറത്ത് നടത്തിയ പ്രസംഗത്തെ വിമർശിച്ച് മന്ത്രി ജി സുധാകരൻ രംഗത്ത്. മര്യാദയില്ലാത്ത പ്രസംഗമാണ് മോദി നടത്തിയത്.

ഒരു പ്രധാനമന്ത്രിയും ഇതുപോലെ അലറിയിട്ടില്ല, രാഷ്ട്രീയക്കാരന്റെ രീതിയിലാണ് പ്രധാനമന്ത്രി സംസാരിച്ചത് എന്തിനാണ് അദ്ദേഹം ഇങ്ങനെ അലറുന്നതെന്നും സുധാകരൻ ചോദിച്ചു.

### എന്റെ നഗരം സുന്ദര നഗരം

## 25 ടൺ പഴയ ചെരുപ്പുകളും 60 ടൺ കണ്ണാടി മാലിന്യവും ശേഖരിച്ചു

തിരുവനന്തപുരം: എന്റെ നഗരം സുന്ദര നഗരം പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം നഗരസഭ പഴയ ചെരുപ്പുകളും കണ്ണാടി മാലിന്യങ്ങളും ശേഖരിക്കുന്നതിനായി നഗരത്തിന്റെ വിവിധ ഭാഗങ്ങളിലായി ഒരുക്കിയ പ്രത്യേക കൗണ്ടറുകളിലൂടെ 60 ടൺ കണ്ണാടി മാലിന്യങ്ങളും 25 ടൺ പഴയ ചെരുപ്പുകളും ശേഖരിച്ചു.

പൂജപ്പുര മൈതാനം, ജഗതി മൈതാനം, പുത്തരിക്കണ്ടം മൈതാനം, വഞ്ചിയൂർ കോടതി ജംഗ്ഷൻ, പൈപ്പിൻമൂട് ജംഗ്ഷൻ, കഴക്കൂട്ടം വാർഡ് കമ്മിറ്റി ഓഫീസിനു സമീപം, പേരൂർക്കട ഇ.എസ്.ഐ. ആശുപത്രിക്കു സമീപം, ചാക്ക ഹെൽത്ത് ഇൻസ്പെക്ടർ ഓഫീസിനു സമീപം എന്നിവിടങ്ങളിലാണ് കൗണ്ടറുകൾ പ്രവർത്തിച്ചത്. രാവിലെ 8 മണി മുതൽ ഉച്ചയ്ക്ക് 12 മണി വരെ പ്രവർത്തിച്ച കൗണ്ടറുകളിൽ പഴയ ചെരുപ്പുകളും കണ്ണാടി മാലിന്യങ്ങളും കൈമാറുന്നതിനായി അഭൂതപൂർവ്വമായ തിരക്കാണ് അനുഭവപ്പെട്ടത്.

അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിച്ച് പുന:ചംക്രമണത്തിനായി കൈമാറുന്ന പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ച എല്ലാ ശേഖരണ പരിപാടികളും വിജയകരമായിരുന്നു. ഈ പരിപാടിയുടെ പ്രാധാന്യം ഉൾക്കൊണ്ട് അർഹിക്കുന്ന പ്രാധാന്യം നൽകി മാധ്യമങ്ങൾ വാർത്ത നൽകിയതാണ് ബഹുജന പങ്കാളിത്തം ഇത്രയേറെ ഉയരാൻ കാരണമായത്.

നഗരത്തിന്റെ സമ്പൂർണ്ണ ശുചിത്വം ലക്ഷ്യമിട്ട് നഗരസഭ സംഘടിപ്പിക്കുന്ന ഈ പരിപാടികളോട് മാധ്യമങ്ങളുടെ ഭാഗത്ത് നിന്നുണ്ടായ നിർലോഭമായ സഹകരണത്തിനും അതിലൂടെ പൊതുജനങ്ങളുടെ ഭാഗത്തു നിന്നുണ്ടായ നല്ല പ്രതികരണത്തിനും മേയർ നന്ദി അറിയിച്ചു.

അടുത്തയാഴ്ച തൊണ്ടും ചിരട്ടയും ശേഖരിക്കുന്നതിനുള്ള പ്രത്യേക പരിപാടിയ്ക്ക് നഗരസഭ രൂപം നൽകിയിട്ടുണ്ട്.

ചിട്ടയോടുള്ള ശാസ്ത്രീയമായ പരിപാലന പരിപാടികളിലൂടെ തിരുവനന്തപുരം നഗരത്തിലെ മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തുന്നതിനുള്ള നഗരസഭയുടെ ശ്രമങ്ങൾക്ക് എല്ലാ വിഭാഗം ജനങ്ങളുടെയും പിന്തുണ മേയർ അഭ്യർത്ഥിച്ചു.



നഗരസഭ പഴയ ചെരുപ്പുകളും കണ്ണാടി മാലിന്യങ്ങളും ശേഖരിക്കുന്നു

## കരമന – കളിയിക്കാവിള ദേശീയപാത വികസനം: നഷ്ടപരിഹാരം ഉടൻ വിതരണം ചെയ്യണം: കളക്ടർ

തിരുവനന്തപുരം: കരമന – കളിയിക്കാവിള ദേശീയപാത വികസനത്തിന് അനുവദിച്ച നഷ്ടപരിഹാര തുക അടുത്ത ആഴ്ചക്കകം വിതരണം ചെയ്യണമെന്ന് ജില്ലാ കളക്ടർ എസ്. വെങ്കിടേസപതി നിർദ്ദേശിച്ചു. ജില്ലാ വികസന സമിതി യോഗത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കോർ ബാങ്കിങ് സൗകര്യം ഇല്ലാതിരുന്നതാണ് പണം അനുവദിക്കുന്നതിൽ തടസ്സമായത്. എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ട്രഷറി അക്കൗണ്ട് വഴി പണം വിതരണം ചെയ്യണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് കളക്ടർ ആവശ്യപ്പെട്ടു.

റീ സർവേയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യാൻ ഈ മാസം 27 ന് സർവെ, റവന്യൂ ഉദ്യോഗസ്ഥരുടെ യോഗം കളക്ടറേറ്റിൽ വിളിച്ചു ചേർത്തിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

അരുവിക്കര ഡാമിന്റെ രണ്ടാംഘട്ട മാലിന്യനീക്കം ത്വരിതപ്പെടുത്തി ഡാമിന്റെ ശേഷി വർധിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ പുരോഗതി കളക്ടർ നേരിട്ട് പരിശോധിക്കും. കെ.എസ്. ശബരിനാഥൻ എം.എൽ.എ യാണ് ജില്ലാ വികസന സമിതി യോഗത്തിൽ വിഷയം ഉന്നയിച്ചത്.

വെള്ളായണി കായൽ പുറമ്പോക്ക് കൈയേറ്റം ഒഴിപ്പിക്കുന്നതിന് പഞ്ചായത്ത് അധികൃതരും റവന്യൂ ഉദ്യോഗസ്ഥരും സംയുക്ത നടപടി സ്വീകരിക്കും. ഇതിനായി ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിമാരുമായി കളക്ടർ ചർച്ച നടത്തും.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധുവിന്റെ നിർദ്ദേശപ്രകാരമാണ് ഈ തീരുമാനം. വെള്ളായണി കായലിൽ സ്ഥലം വെള്ളത്തിനടിയിലായവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാനും ജില്ലാ വികസന സമിതിയോഗത്തിൽ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനത്തിനും ശാസ്തമംഗലം – പേരൂർക്കട റോഡ് 20 മീറ്ററിൽ വികസിപ്പിക്കുന്നതിനുമുള്ള നടപടി വേഗത്തിലാക്കണമെന്ന് കെ. മുരളീധരൻ എം.എൽ.എ. ആവശ്യപ്പെട്ടു.

നെയ്യാറ്റിൻകരയിൽ പൈപ്പ് പൊട്ടി കുടിവെള്ള വിതരണം മുടങ്ങുന്നത് തടയാനും കോവളം – കാരോട് റോഡ് വികസനത്തിനുള്ള നഷ്ടപരിഹാര തുക നിശ്ചയിച്ചതിലെ പാകപ്പിഴവ് പരിഹരിക്കാനും നടപടി വേണമെന്ന് കെ. ആൻസലൻ എം.എൽ.എ ആവശ്യപ്പെട്ടു.

യോഗത്തിൽ എം.എൽ.എ. മാരായ ബി. സത്യൻ, ഡി.കെ. മുരളി, കെ. മുരളീധരൻ, കെ. ആൻസലൻ, കെ.എസ്. ശബരിനാഥൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ. മധു, ആർ.ഡി.ഒ. സബിൻ സമീദ്, ജില്ലാ പ്ലാനിങ് ഓഫീസർ വി.എസ്. ബിജു, ഡെപ്യൂട്ടി കളക്ടർമാർ, ജില്ലാതല ഉദ്യോഗസ്ഥർ, എം.എൽ.എ. മാരുടേയും എം.പി. മാരുടേയും പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

### രണ്ട് ഭ്രമണ പഥങ്ങൾ, എട്ട് ഉപഗ്രഹങ്ങൾ

# ചരിത്ര ദൗത്യം വിജയകരം; പിഎസ്എൽവി സി 35 കുതിച്ചു

ചെന്നൈ: ചരിത്രപരമായ വലിയൊരു മുന്നേറ്റത്തിന് സാക്ഷ്യം വഹിക്കൊനൊരുങ്ങുകയാണ് ഇന്ത്യൻ ശാസ്ത്ര ലോകം. ഇന്ത്യൻ ബഹിരാകാശ മേഖലയിലെ പുതിയ കുതിപ്പിന് സഹായിക്കുന്ന വലിയൊരു ദൗത്യവുമായി ശ്രീഹരിക്കോട്ടയിൽ നിന്ന് പിഎസ്എൽവി സി 35 പറന്നുയർന്നു.

ഇന്നലെ രാവിലെ ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ നിലയിൽക്കിനിന്നാണ് പിഎസ്എൽവി സി 35 വിക്ഷേപിച്ചത്.

രണ്ട് ഭ്രമണ പദങ്ങളിൽ എട്ട് ഉപഗ്രഹങ്ങൾ വിക്ഷേപിക്കുക എന്ന ചരിത്രപരമായ ദൗത്യമാണ് ഇന്ത്യൻ ശാസ്ത്രലോകത്തിന്റെ പ്രതീക്ഷകളെ വാനോളമുയർത്തി പറന്നുയർന്നിരിക്കുന്നത്. പിഎസ്എൽവിയുടെ ഏറ്റവും ദൈർഘ്യമേറിയ ദൗത്യവുമായാണ് റോക്കറ്റ് കുതിക്കുന്നത്. 2 മണിക്കൂർ 15 മിനിറ്റ് ആണ് ദൈർഘ്യം.

കാലാവസ്ഥ നിരീക്ഷണത്തിനായുള്ള സ്കാറ്റ് സാറ്റ് 1 ഉൾപ്പടെ എട്ട് ഉപകരണങ്ങളുമായായാണ് റോക്കറ്റ് പറന്നിരിക്കുന്നത്. സ്കാറ്റ് സാറ്റ് 1 സമുദ്രപഠനത്തിലെ പുതിയ മാറ്റങ്ങൾക്ക് സഹായിക്കുന്ന ഉപകരണം കൂടിയാണ്.

ഒരേ ദൗത്യത്തിൽ രണ്ടു വ്യത്യസ്ത ഭ്രമണപഥങ്ങളിൽ ഉപഗ്രഹങ്ങളെ എത്തിക്കാൻ ഐഎസ്ആർഒ ശ്രമിക്കുന്നതും ഇതാദ്യമായാണ്. അൽജീരിയ (മൂന്ന്), യുഎസ് (ഒന്ന്), കാനഡ (ഒന്ന്) എന്നീ രാജ്യങ്ങളുടെ ഉപഗ്രഹങ്ങളും ഐഐടി ബോംബെയുടെ പ്രഥം, ബെംഗളൂരുവിലെ സ്വകാര്യ സർവകലാശാലയായ പിഇഎസിന്റെ പിസാറ്റ് എന്നീ ഉപഗ്രഹങ്ങളും ഈ ദൗത്യത്തിൽ പിഎസ്എൽവി സി 35 വഹിക്കുന്നുണ്ട്.

വിക്ഷേപിച്ചു 17 മിനിറ്റും 32 സെക്കന്റും പിന്നിടുമ്പോൾ സ്കാറ്റ്സാറ്റ് ഒന്നിനെ 730 കിലോമീറ്റർ ഉയരത്തിലുള്ള ഭ്രമണപഥത്തിലെത്തി. ആകെ ദൗർഘ്യം രണ്ട് മണിക്കൂറും 15 മിനിറ്റുമാണ്.

ശാസ്ത്രലോകമൊന്നാകെ ശ്രീഹരിക്കോട്ടയിലേക്കുറ്റ് നോക്കുകയാണ്. ആദ്യം സ്കാറ്റ് സാറ്റ് ഒന്നിനെ ഭ്രമണപഥത്തിലെത്തിക്കും.

പിന്നീട്, പിഎസ്എൽവി രണ്ടുതവണ പ്രവർത്തനം നിർത്തുകയും വീണ്ടും ജ്വലിപ്പിക്കുകയും ചെയ്യും. പ്രവർത്തനം നിർത്തിയശേഷം എൻജിൻ വീണ്ടും ജ്വലിപ്പിക്കുകയെന്നത് സങ്കീർണമായ പ്രക്രിയയാണ്.

മറ്റ് ഏഴ് ഉപഗ്രഹങ്ങളെയും 689 കിലോമീറ്റർ ഉയരത്തിലുള്ള ഭ്രമണപഥത്തിൽ എത്തിക്കുന്നതോടെ ദൗത്യം പൂർത്തിയാകും. ഇനി മണിക്കൂറുകൾ മാത്രം.

ശ്രീഹരിക്കോട്ടയിൽ നിന്നുയർന്ന പിഎസ്എൽവി സി 35നൊപ്പം വാനോളം പ്രതീക്ഷളുമായി ഒരു സംഘം നിൽപ്പുണ്ട്. ബെംഗളൂരുവിലെ പെസ് യൂണിവേഴ്സിറ്റിയിലെ 250 വിദ്യാർത്ഥികളുടെ സ്വപ്നങ്ങളെക്കൂടി വഹിച്ചാണ് റോക്കറ്റ് പറന്നുയർന്നത്. ഉപഗ്രത്തിന്റെ നിർമ്മാണത്തിൽ പങ്കാളികളാണിവർ.

## വീടു കയറി ആക്രമണം: ഏഴുപേർ അറസ്റ്റിൽ

കോവളം: വിഴിഞ്ഞം തലയ്ക്കോട് വീട് കയറി നടത്തിയ ആക്രമണത്തിൽ തൊണ്ണൂറ്റി മൂന്നു കാരനും ഭാര്യയും ഉൾപ്പെടെ മൂന്ന് പേർക്കു് പരുക്ക്. സംഭവത്തിൽ ഏഴ് പേരെ വിഴിഞ്ഞം പോലിസ് അറസ്റ്റ് ചെയ്തു. പയറും മൂട് അയണി കൃഷ്ണൻ നാടാർ (93), ഭാര്യയക്കും മരുമകൻ ചന്ദ്രരൻ എന്നിവർക്കാണ് പരുുക്കറ്റതു്.ഇ വരെ വിഴിഞ്ഞം സാമൂഹിക ആരോഗ്യകേന്ദ്രത്തിൽ പ്രവേശിപ്പിച്ചു.മുല്ലൂർ സ്വദേശി ശോഭനകുമാർ (52) പയറ് മൂട് സ്വദേശികളായ മോഹനൻ (55), സജു (33), പിറവി ളാകം സ്വദേശി വിനിഷ് (27), ഞാറവിള സ്വദേശികളായശൈ ഷജു (30), മഹേഷ് (26), സതീഷ് (40), എന്നിവരെയാണ് വിഴിഞ്ഞീ സി.ഐ കെ.ആർബിജു, എസ്.ഐ രതീഷ് എന്നിവരടങ്ങുന്ന സംഘം അറസ്റ്റ് ചെയ്തതു. സംഭവത്തിൽ ഇനിയും നാല് പ്രതികളെ പിടികൂടാനുള്ളതായി പോലിസ് പറഞ്ഞു.

ആ ക്രമണത്തിൽ കൃഷ്ണൻ നാടാരുടെ കാലിന് പൊട്ടലുണ്ട്. പരിക്കേറ്റവരെ വിഴിഞ്ഞം ആശുപത്രിയിൽ എത്തിച്ചപ്പോൾ അക്രമികൾ ആയുധങ്ങളുമായി അവിടെയും എത്തി ആക്രമിക്കാൻ ശ്രമിക്കുന്നതിനിടെ ആശുപത്രി അധികൃതർ അറിയിച്ചതിനെ തുടർന്ന് പോലീസ് എത്തി അക്രമികളെ പിടികൂടുകയായിരുന്നു.

## ബാബുവിനെ പിന്തുണച്ച സുധീരന്റെ നിലപാട് അപഹാസ്യം ഉഴവൂർ വിജയൻ

തിരുവനന്തപുരം: അഴിമതിക്കാർക്കെതിരെ വാതോരാതെ പ്രസംഗിച്ചു നടക്കുന്ന കെ.പി.സി.സി പ്രസിഡന്റ് വി എം സുധീരൻ അഴിമതിക്കേസിൽ അന്വേഷണ വിധേയനായ മുൻ മന്ത്രി കെ. ബാബുവിനെ പിന്തുണയ്ക്കാൻ തയ്യാറായ നടപടി അപഹാസ്യമാണെന്ന് എൻ.സി.പി സംസ്ഥാന പ്രസിഡന്റ് ഉഴവൂർ വിജയൻ.

അഴിമതിയ്ക്ക് പിന്തുണ നൽകുന്ന കാര്യത്തിൽ ഉമ്മൻ ചാണ്ടിയും വി എം സുധീരനും ഇപ്പോൾ ചേട്ടൻ ബാവയും അനിയൻ ബാവയുമാണെന്ന് ജനങ്ങൾക്ക് ബോധ്യപ്പെട്ടിരിക്കുന്നു. ഇത്തരം നിലപാടുമായി മുന്നോട്ട് പോയാൽ കോൺഗ്രസിന്റെ അവസ്ഥ ഉപ്പുവെച്ച കലം പോലെയാകും.

തിരഞ്ഞെടുപ്പ് സമയത്ത് അഴിമതിക്കാർക്കെതിരെ പ്രതികരിച്ച സുധീരൻ, പുതിയ വെളിപാടുണ്ടായ സാഹചര്യത്തിൽ അഴിമതിക്കാരോട് മാപ്പ് പറഞ്ഞ് പശ്ചാത്തപിക്കാൻ തയ്യാറാവുന്നതാണ് നല്ലതെന്നും ഉഴവൂർ വിജയൻ പ്രസ്താവനയിൽ പറഞ്ഞു.

## ഓൺലൈൻ റിസർവേഷൻ തകരാർ: കെഎസ്ആർടിസി നഷ്ടപരിഹാരം ആവശ്യപ്പെട്ടു

തിരുവനന്തപുരം: ഓണക്കാലത്ത് ഓൺലൈൻ റിസർവേഷൻ സംവിധാനം നിലച്ച സംഭവത്തിൽ കെഎസ്ആർടിസി കെൽട്രോണിനോട് നഷ്ടപരിഹാരം ആവശ്യപ്പെട്ടു.

സോഫ്റ്റ് വെയർ തകരാർ മൂലം നഷ്ടമായ 12 ലക്ഷം രൂപ നൽകണമെന്ന് ആവശ്യപ്പെട്ട് കെഎസ്ആർടിസി മാനേജ്മെന്റ് കെൽട്രോൺ അധികൃതർക്ക് നോട്ടീസ് അയച്ചു.

യാത്രക്കാരുടെ വൻ തിരക്കുള്ള സമയത്ത് കെഎസ്ആർടിസിയുടെ ഓൺലൈൻ സീറ്റ് റിസർവേഷൻ സംവിധാനം പണിമുടക്കിയത് വിവാദമായിരുന്നു. സാരഥി എന്ന ഓൺലൈൻ റിസർവേഷൻ സംവിധാനത്തിന്റെ നടത്തിപ്പുചുമതല കെൽട്രോണിനാണ്. എന്നാൽ, കെൽട്രോൺ ബംഗളൂരുവിലുള്ള സ്വകാര്യ കമ്പനിക്ക് ഉപകരാർ നൽകി.

പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിനെ മറയാക്കി ബംഗളൂരു കേന്ദ്രീകരിച്ചുള്ള സ്വകാര്യ കമ്പനിക്ക് റിസർവേഷൻ സംവിധാനത്തിന്റെ ചുമതല കൈമാറിയതിൽ അഴിമതിയുണ്ടെന്ന് നേരത്തെ ആക്ഷേപമുയർന്നിരുന്നു. ടിക്കറ്റ് റിസർവ് ചെയ്യുമ്പോൾ യാത്രക്കാരന്റെ പക്കൽനിന്ന് ഈടാക്കുന്ന റിസർവേഷൻ ചാർജിന്റെ സിംഹഭാഗവും സ്വകാര്യകമ്പനിക്കാണ് ലഭിക്കുന്നത്.

ടിക്കറ്റ് റദ്ദാക്കലടക്കം ഓരോ ഇടപാടിനും കെഎസ്ആർടിസിയുടെ അക്കൗണ്ടിൽനിന്ന് സ്വകാര്യ കമ്പനിക്ക് പണം ലഭിക്കുംവിധമാണ് കരാർ. കെഎസ്ആർടിസിക്ക് നഷ്ടമുണ്ടാക്കുന്ന കരാറിനുപിന്നിലെ അഴിമതിയെക്കുറിച്ച് വിജിലൻസ് അന്വേഷിക്കണമെന്ന് കെഎസ്ആർടിഇഎ (സിഐടിയു) ആവശ്യപ്പെട്ടു.

### കൃഷ്ണൻകുട്ടിയുടെ ആത്മഹത്യ

## റവന്യൂ ബാങ്ക് ഉദ്യോഗസ്ഥർക്കെതിരെ കേസെടുക്കണം: പി.സി. ജോർജ്

ആലപ്പുഴ: വിദ്യാഭ്യാസ വായ്പ തിരിച്ചടക്കാൻ കഴിയാതെ മാങ്കാംകുഴി സ്വദേശി കൃഷ്ണൻകുട്ടി ആത്മഹത്യ ചെയ്ത സംഭവത്തിൽ റവന്യൂ ബാങ്ക് ഉദ്യോഗസ്ഥർക്കെതിരെ പ്രേരണക്കുറ്റത്തിന് കേസെടുക്കണമെന്ന് പി.സി. ജോർജ് എം.എൽ.എ ആവശ്യപ്പെട്ടു.

നിയമസഭാ സമ്മേളനത്തിൽ വിഷയം സബ്മിഷനായി ഉന്നയിക്കും. ആദ്യം ഉദ്യോഗസ്ഥർ ലോൺ കൊടുക്കാൻ താൽപര്യം കാട്ടിയിരുന്നില്ല. പിന്നീട് തല്ലും ബഹളവുമായപ്പോൾ അത് നൽകിത്തുടങ്ങി.

എന്നാൽ, ഇപ്പോൾ ബാങ്കേഴ്സ് അസോസിയേഷൻ എന്ന വരട്ട് സംഘടനയുണ്ടാക്കി പ്രധാനമന്ത്രിയെയും റിസർവ് ബാങ്കിനെയും കടത്തിവെട്ടി ബാങ്ക് ഉദ്യോഗസ്ഥർ മുന്നോട്ടുപോവുകയാണ്. നാലുലക്ഷം രൂപവരെ വിദ്യാഭ്യാസ വായ്പ എടുക്കുന്നതിന് ഈട് നൽകേണ്ട. ഈടില്ലാത്ത ലോൺ എങ്ങനെയാണ് ജപ്തിചെയ്യാൻ കഴിയുകയെന്ന് അദ്ദേഹം ചോദിച്ചു.



കയ്യൂർ ക്രിസ്തുരാജ് പള്ളിയിൽ വി. മദർ തെരേസയുടെ തിരുശേഷിപ്പ് മാർ ജോസഫ് പള്ളിക്കാപറമ്പിൽ മാർ ജോസഫ് കല്ലറങ്ങാട്ട് ചേർന്ന് പ്രതിഷ്ഠിക്കുന്നു.

## 10 മാസം പ്രായമായ കുഞ്ഞിനെ അമ്മ തല്ലിക്കൊന്നു

ഭദ്ര റായ്പൂർ: ദാരിദ്ര്യം താങ്ങാൻ കഴിയാതെ 10 മാസം പ്രായമായ കുഞ്ഞിനെ അമ്മ തല്ലിക്കൊന്നു. ചണ്ഡീഗഢിലെ ജാഷ്പൂർ ജില്ലയിലെ ആദിവാസി ഗ്രാമത്തിലാണ് സംഭവം നടന്നത്. ജെബിത ഇക്ക(28) എന്ന യുവതിയാണ് കുഞ്ഞിനെ തല്ലിക്കൊന്നത്. മോഷണ കേസിൽ ജയിലിൽ കഴിയുന്ന ഭർത്താവിന് ജാമ്യം ലഭിക്കാൻ വേണ്ടത്ര പണം കണ്ടെത്താൻ യുവതിയ്ക്ക് കഴിഞ്ഞില്ലായിരുന്നു. സെപ്റ്റംബർ 23 ന് കുട്ടിയ്ക്ക് പെട്ടെന്ന് അസുഖം ബാധിക്കുകയും ആശുപത്രിയിൽ പോകാൻ പണമില്ലാത്ത സാഹചര്യം വരുകയും ചെയ്തു. കരച്ചിൽ നിർത്താത്ത കുഞ്ഞിനെ യുവതി മരവടി വച്ച് തല്ലുകയായിരുന്നു. ചോദ്യം ചെയ്യല്ലിൽ യുവതി കുറ്റം സമ്മതിച്ചു.

## ട്രെയിനിൽ നിന്നു വീണാലും ഇനി ഇൻഷുറൻസ് ലഭിക്കും

ന്യൂഡൽഹി: ഓൺലൈൻ വഴി ടിക്കറ്റ് ബുക്ക് ചെയ്യുന്ന യാത്രക്കാർക്ക് 10 ലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷ അവതരിപ്പിച്ചത് ഇന്ത്യൻ റെയിൽവേയാണ്. ഐആർസിടിസി വെബ്സൈറ്റ് വഴി ടിക്കറ്റ് ബുക്ക് ചെയ്യുന്ന യാത്രക്കാർക്കാണ് പുതിയ ഇൻഷുറൻസ് ആനുകൂല്യം ലഭിക്കുക.

ഐസിഐസിഐയും ഐആർസിടിസിയും ഒരുമിച്ചാണ് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നത്. റെയിൽവേയുടെ ഇൻഷുറൻസിനെപ്പറ്റി അറിയേണ്ടതെല്ലാം ഇതാ

യാത്രാ ടിക്കറ്റ് നിരക്കിനൊപ്പം 92 പൈസ കൂടി അധികം മുടക്കിയാൽ മതിയാകും. സബ്അർബൻ ട്രെയിനുകളിൽ ഒഴികെ എല്ലാ തീവണ്ടികളിലും ഈ ആനുകൂല്യം ലഭ്യമാകും.

ഇക്കഴിഞ്ഞ റെയിൽവേ ബജറ്റിൽ മന്ത്രി സുരേഷ് പ്രഭു നടത്തിയ പ്രഖ്യാപനമാണ് ഇപ്പോൾ യാഥാർത്ഥ്യമാകുന്നത്. ടിക്കറ്റ് ബുക്ക് ചെയ്യുന്ന സമയത്ത് യാത്രക്കാർക്ക് ഇൻഷുറൻസ് പരിരക്ഷ തെരഞ്ഞെടുക്കാനുള്ള അവസരമുണ്ടാകുമെന്നായിരുന്നു മന്ത്രിയുടെ വാഗ്ദാനം.

വിദേശികളുടെ അഞ്ചുവയസിൽ താഴെയുള്ള മക്കൾക്ക് ഈ ആനുകൂല്യം ലഭ്യമാകുകയില്ല. അതുപോലെ ടിക്കറ്റ് കൺഫേം ആയ യാത്രക്കാർക്ക് മാത്രമേ ഇൻഷുറൻസ് സൗകര്യം ലഭ്യമാകുകയുള്ളു. ആർഎസി, വെയ്റ്റിംഗ് ലിസ്റ്റ് യാത്രക്കാർക്ക് റെയിൽവേയുടെ ഇൻഷുറൻസ് പരിരക്ഷ ലഭിക്കുകയില്ല.

യാത്രാവേളയിൽ മരണപ്പെടുന്നവരുടെയും അംഗവൈകല്യം വന്നു കിടപ്പിലാകുന്നവരുടെയും ആശ്രിതർക്ക് പത്തു ലക്ഷവും ഭാഗികമായ അംഗവൈകല്യം സംഭവിച്ചവർക്ക് 7.5 ലക്ഷവും അപകടത്തിൽ പരിക്കേറ്റ് ചികിൽസ തേടുന്നവർക്ക് രണ്ടു ലക്ഷം രൂപ വരെയും ലഭിക്കും. ഇതുകൂടാതെ തീവണ്ടി അപകടത്തിൽ മരണപ്പെടുന്നവരുടെ മൃതദേഹം കൊണ്ടുപോകുന്നതിനായി 10000 രൂപ യാത്രാചെലവും നൽകും.

ടിക്കറ്റ് ക്യാൻസൽ ചെയ്താൽ ഇൻഷുറൻസ് പ്രീമിയം തുകം മടക്കി നൽകില്ല. ഐസിഐസിഐയും ഐആർസിടിസിയും ചേർന്നാണ് ഈ ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നത്.

## വിവാഹ പാർട്ടിക്കിടെ മോഷണം; പ്രതിയുടെ ചിത്രം സിസിടിവിയിൽ

ഷൊർണൂർ: വിവാഹ പാർട്ടിക്കിടെ അടുത്തുകൂടി പെൺകുട്ടിയുടെ സ്വർണമാല തട്ടിയെടുത്തു. മൂന്നു വയസിനടുത്ത് പ്രായമുള്ള പെൺകുട്ടിയുടെ മാലയാണ് മോഷ്ടാവ് തട്ടിയെടുത്തത്. എന്നാൽ കുട്ടിയുടെ മാല മോഷ്ടിക്കുന്ന ദൃശ്യങ്ങൾ സിസിടിവി ക്യാമറയിൽ പതിഞ്ഞു. ഷെർണൂർ കൊളപ്പുള്ളിയിലെ ബ്ലൂ ഡയമണ്ട് ഓഡിറ്റോറിയത്തിലെ ദൃശ്യം കല്യാണ മണ്ഡപത്തിലാണ് മോഷണം നടന്നത്. വിവാഹപാർട്ടിക്കിടെയാണ് സംഭവം.

എല്ലാവരും ഭക്ഷണം കഴിക്കുന്ന തിരക്കിൽ മോഷ്ടാവ് പെൺകുട്ടിയെ സ്നേഹം നടിച്ച് മാറ്റി നിർത്തി മാല ഊരിയെടുക്കുകയായിരുന്നു. ആൾകൂട്ടത്തിനുള്ളിൽ നിന്ന് കുട്ടി മാറ്റക്കൊണ്ട് പോയി മാല ഊരിയെടുക്കുന്ന ദൃശ്യങ്ങൾ ഓഡിറ്റോറിയത്തിലെ സിസിടിവി ക്യാമറയിൽ പതിഞ്ഞു. ഒരു പവനോളം വരുന്ന മാലയാണ് മോഷണം പോയത്. മണ്ണാർക്കാട് സ്വദേശിയുടെ മകളുടെ മാലയാണ് അടിച്ചെടുത്തത്. സിസിടിവിയിൽ മോഷ്ടാവിന്റെ ദൃശ്യം പതിഞ്ഞതിനാൽ ഇയാളെ വേഗം പിടികൂടാനാകുമെന്നാണ് പോലീസ് പറയുന്നത്.

## PIL filed in SC challenging constitutional validity of India-Pakistan Indus Waters Treaty

New Delhi: At a time when the Centre is set to review the India-Pakistan Indus Waters Treaty, a PIL has been filed in the Supreme Court challenging the constitutional legality of the water sharing accord signed between the two nations in 1960.

According to reports, the PIL has been filed by a Delhi-based lawyer on the ground that the Indus Waters Treaty was not signed by the then President of India.

The PIL claims that the treaty is not constitutionally valid since it was signed by the then President of Pakistan Ayub Khan and Jawaharlal Nehru, who was then Prime Minister and not the head of the state at that time.

The Indus Waters Treaty is a water-sharing arrangement signed which was signed by the two sides on September 19, 1960, in Karachi.

It covers the water distribution and sharing rights of six rivers - Beas, Ravi, Sutlej, Indus, Chenab and Jhelum. The agreement was brokered by the World Bank.

The agreement was signed because the source of all the rivers of the Indus basin were in India (Indus and Sutlej, though, they originate in China). It allowed India to use them for irrigation, transport and power generation, while laying down precise do's and don'ts for India on building projects along the way.

Pakistan feared that India could potentially create droughts in case of a war between the two countries. A Permanent Indus Commission set up in this connection has gone through three wars between the two countries without disruption and provides a bilateral mechanism for consultation and conflict-resolution through inspections, exchange of data and visits.

In the aftermath of the Uri terror attacks, the Centre has called a high-level meeting today to review the Indus Waters sharing treaty with Pakistan. PM Modi will meet relevant officials from various ministries today, including External Affairs and Water Resources.

## Delhi Traffic Constable Run Over By Truck, Driver Arrested

NEW DELHI: A 27-year-old Delhi Traffic Police constable was on Sunday crushed to death by a speeding truck, police said.

Police said the driver, identified as Pramod Singh, of Haryana's Bhiwani, was arrested from the spot.

"The incident took place at 4 pm, when the constable, Ravinder, a resident of Police Colony in Narela, was on routine traffic movement on his motor bike at Ashok Vihar's traffic circle. A speeding truck hit him from behind and crushed him. He was taken to a nearby hospital where doctors declared him dead," said Deputy Commissioner of Police, Northwest, Vijay Singh.

A case was registered against the driver in Mahendra Park police station.

## Five drunk men talk about 'blowing up' hospital, taken into custody

Maharashtra: Five drunk men were taken into custody on suspicion of planning to attack a hospital in neighbouring Mumbai but later let off with a warning, police said on Monday.

According to PI Mandar Dharmadhikari, the incident took place on the night of September 23, when all these five men boarded a app-based call taxi to the Thane Civil Hospital, where the wife of one the accused was admitted.

On their way, all the accused in an inebriated condition began discussing among themselves about 'blowing up' a hospital in Mumbai where large number of people undergo treatment, even as they referred to the terror scare in Uran.

Taken aback after overhearing the talk, the taxi driver– Sandeep Sapkal–immediately approached the Thane Nagar Police Station and narrated the incident sending the cops into a tizzy.

A team of policemen rushed to the hospital and launched search operations which continued till the wee hours of September 24. However, they could not trace the suspects, the officer said.

Later, with the help of CCTV and inputs from the taxi driver, all the five men– Sushil Jha (30), Nagendra Yadav (25) Sayed Shikalkar (35), Pradi Pisal (39) and Akhilesh Jha (29) –were taken into custody from Bhandup near Thane on the night of September 24.

Interrogation revealed that they were under the influence of liquor and did not intend to harm anyone following which they were released with a warning after registering a case under section 505 (1)(b) of the IPC.

Two accused among the five are history sheeters and small time criminals, the officer added.

## Fire At Kolkata Municipal Corporation Building

KOLKATA: A fire broke out at a room in the Kolkata Municipal Corporation building in central Kolkata on Sunday night.

Police said two fire tenders rushed to the spot to put off the flames, which broke out at around 10 pm, and now under control.

The room is situated opposite a famous restaurant in the crowded area. There was no report of any death.

The Officer-in-Charge, New Market police station and personnel of Disaster Management Group were at the spot to keep an eye on the situation.

# Thaniniram Express

Malayalam & English Morning Daily

Reg. No.: KERBIL 2013/49578 | Web: www.thaniniramdaily.com | E-mai: thaniniramoffice2014@gmail.com | 2016 SEPTEMBER 27 TUESDAY





പ്രവാസി ഗ്രാമ ഭവന പദ്ധതിയുമായി
Sharatone
Project India Limited
ആലപ്പുഴ ജില്ലയിൽ മാവേലിക്കര
കേന്ദ്രീകരിച്ച് നിർമാണ
പ്രവർത്തനമാരംഭിച്ചു
www.sharatonelimited.org


## ഭർത്താവിനെ കൊലപ്പെടുത്തി ബൈക്കിൽ കടത്താൻ ശ്രമിച്ച ഭാര്യയും കാമുകനും അറസ്റ്റിൽ

ഹൈദരാബാദ്: ഭർത്താവിനെ കൊലപ്പെടുത്തി ബൈക്കിൽ കടത്തിയ സംഭവത്തിൽ 25കാരിയെയും 16കാരനായ കാമുകനേയും പൊലീസ് അറസ്റ്റ് ചെയ്തു. ഇരുവരും ചേർന്ന് ഭർത്താവിനെ കൊലപ്പെടുത്തിയ ശേഷം അയൽവാസിയുടെ ബൈക്കിൽ സ്വദേശത്ത് മൃതദേഹം എത്തിക്കുകയായിരുന്നുവെന്നാണ് പൊലീസ് കണ്ടെത്തൽ. 25കാരിയായ പ്രവല്ലികയാണ് ഭർത്താവ് പുല്ലയ്യയെ കൊലപ്പെടുത്തിയ കേസിൽ അറസ്റ്റിലായത്.

മരുമകനായ ഒമ്പതാം ക്ലാസ് വിദ്യാർത്ഥിയുമായി യുവതി കുറച്ചുനാളുകളായി വിവാഹേതര ബന്ധം പുലർത്തിയിരുന്നുവെന്നും ഇതിനെക്കുറിച്ച് അറിഞ്ഞ ഭർത്താവ് ചോദ്യം ചെയ്തതാണ് കൊലപാതകത്തിൽ കലാശിച്ചതെന്നുമാണ് പൊലീസ് കണ്ടെത്തിയത്. സെപ്തംബർ ഏഴിന് ഹൈദരാബാദിലെ ഫ്ളാറ്റിലേക്ക് താമസം മാറിയതിന് ശേഷം ഭർത്താവ് മദ്യപിച്ചിരുന്നുവെന്നും ഇരുവരും തമ്മിലുള്ള നിരന്തരം തർക്കങ്ങളും ഉണ്ടായിരുന്നുവെന്നുമാണ് പ്രാഥമിക അന്വേഷണത്തിൽ പൊലീസ് കണ്ടെത്തിയത്. പട്രോളിംലായിരുന്ന പൊലീസാണ് ബൈക്കിൽ മൃതദേഹം കൊണ്ടുപോകുന്നത് കണ്ടെത്തിയത്.

## ജയലളിതയുടെ നില അതീവ ഗുരുതരമെന്ന് സൂചന



ചെന്നൈ: നാലു ദിവസമായി ചെന്നൈയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന തമിഴ്നാട് മുഖ്യമന്ത്രി ജയലളിതയുടെ നില അതീവ ഗുരുതരമെന്ന് സൂചന.

ആശുപത്രി അധികൃതർ എല്ലാം സാധാരണ നിലയിലാണെന്ന് മെഡിക്കൽ ബുള്ളറ്റിനിലൂടെ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ജയലളിതയുടെ ആരോഗ്യനില മോശമാണെന്ന അഭ്യൂഹം രാജ്യമൊട്ടാകെ പരക്കുകയാണ്. അസുഖത്തെക്കുറിച്ച് ഇപ്പോഴും വ്യക്തമായി ആശുപത്രി അധികൃതർ വെളിപ്പെടുത്തിയിട്ടില്ല. ജയലളിതയുമായി വളരെ അടുത്തു ബന്ധമുള്ളവരോട് മാത്രമാണ് വിവരങ്ങൾ പറഞ്ഞിട്ടുള്ളത്. ചെന്നൈയിലെ മാധ്യമങ്ങൾക്ക് പോലും കൃത്യമായ വിവരങ്ങൾ ലഭ്യമായിട്ടില്ല.

കടുത്ത പനിയും നിർജലീകരണവും മൂലം വ്യാഴാഴ്ച രാത്രിയാണ് ജയലളിതയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. പനി മാറി അസുഖം ഭേദമായെന്ന് ആശുപത്രി അധികൃതർ അറിയിച്ചെങ്കിലും ജയലളിതയെ വിദഗ്ധ ചികിൽസയ്ക്കായി സിംഗപ്പൂരിലേക്ക് കൊണ്ടുപോകുമെന്ന അഭ്യൂഹം പരക്കുന്നുണ്ട്. എന്നാൽ അഭ്യൂഹങ്ങൾ തള്ളി അണ്ണാ ഡിഎംകെ രംഗത്തെത്തിയിട്ടുമുണ്ട്. അസുഖം ഭേദമായെന്നും മുഖ്യമന്ത്രിയ്ക്ക് ഉടൻ വീട്ടിലേയ്ക്ക് മടങ്ങാനാകുമെന്നും വെള്ളിയാഴ്ച്ച ആശുപത്രി അധികൃതർ വ്യക്തമാക്കിയിരുന്നു. എന്നാൽ ജയലളിതയ്ക്ക് ഇതുവരെ ആശുപത്രി വിടാനായിട്ടില്ല. ഈ സാഹചര്യത്തിലാണ് അഭ്യൂഹങ്ങൾ പരക്കുന്നത്.

മുഖ്യമന്ത്രിയ്ക്ക് പ്രശ്നങ്ങളൊന്നുമില്ലെന്നും രണ്ടു ദിവസത്തിനകം ആരോഗ്യനില സാധാരണ നിലയിലാകുമെന്നും അണ്ണാ ഡിഎംകെ വക്താവ് സി.ആർ സരസ്വതി അറിയിച്ചു.

### വീണ്ടും ഭീകരാക്രമണം; കാഷ്മീരിൽ അഞ്ചു സൈനികർക്ക് പരിക്ക്

ശ്രീനഗർ: കാഷ്മീരിൽ വീണ്ടും ഭീകരാക്രമണം. കാഷ്മീരിലെ കുൽഗാമിലാണ് ആക്രമണമുണ്ടായത്. സംഭവത്തിൽ അഞ്ചു സിആർപിഎഫ് ജവാന്മാർക്ക് പരിക്കേറ്റു. സിആർപിഎഫ് പട്രോൾ വാഹനത്തിനു നേരെ ഗ്രനേഡ് എറിയുകയായിരുന്നു.

### മാനസിക അസ്വാസ്ഥ്യമുള്ള സ്ത്രീ മരിച്ച നിലയിൽ

മലപ്പുറം: എടപ്പാളിൽ മാനസിക അസ്വാസ്ഥ്യമുള്ള സ്ത്രീയെ വീടിനുള്ളിൽ മരിച്ച നിലയിൽ കണ്ടെത്തി. എടപ്പാൾ കുന്നത്തുനാട് ശോഭ(55)ആണ് മരിച്ചത്. ശോഭയും മകൾ ശ്രുതിയും (25)തനിച്ചാണ് കഴിഞ്ഞിരുന്നത്.

രാവിലെ വീട്ടിലെത്തിയ പഞ്ചായത്ത് പ്രസിഡന്റും സംഘവുമാണ് ഇവരെ മരിച്ച നിലയിൽ കണ്ടത്. ഈ സമയം ശ്രുതി മൃതദേഹത്തിന് കാവലിരിക്കുകയായിരുന്നു. അടുത്തുതന്നെ ബന്ധുക്കൾ താമസിക്കുന്നുണ്ടെങ്കിലും ആരുമായും ഇവർ അടുപ്പം പുലർത്താറില്ലെന്ന് പറയുന്നു.

രണ്ടാഴ്ച കൂടുമ്പോൾ പഞ്ചായത്ത് പ്രസിഡന്റ് ഇവരുടെ വിവരം തിരക്കാൻ വീട്ടിലെത്താറുണ്ട്. അപ്രകാരം ഇന്നലെ രാവിലെയെത്തിയപ്പോഴാണ് മരണവിവരം അറിയുന്നത്.

മകളെ അടുത്തുള്ള ആശുപത്രിയിലേക്ക് മാറ്റി. അതേസമയം ഭക്ഷണം കഴിക്കാതെയാണ് അമ്മ മരിച്ചതെന്ന് മകൾ പറഞ്ഞു. എന്നാൽ ബന്ധുക്കൾ ഭക്ഷണം കൊണ്ടുകൊടുത്താലും ഇവർ കഴിക്കാറില്ലെന്ന് നാട്ടുകാർ പറഞ്ഞു.

വീടും ആസ്തിയുമുള്ള കുടുംബമാണ് ഇവരുടേത്. വർഷങ്ങൾക്ക് മുന്നേ ഭർത്താവ് ഉപേക്ഷിച്ചതിനെ തുടർന്ന് അമ്മയും മകളും വീട്ടിൽ തനിച്ചായിരുന്നു.

### ഗുണ്ടാ ആക്രമണം: യുവാവ് മരിച്ചു

കൊച്ചി: കാലടിയിൽ ഗുണ്ടാ ആക്രമണത്തിനിരയായ യുവാവ് മരിച്ചു. കൈപ്പട്ടൂർ സ്വദേശി സനലാണ് മരിച്ചത്. കഴിഞ്ഞദിവസം രാവിലെയാണ് ഒരു സംഘമാളുകൾ സനലിനെ ആക്രമിച്ചത്.

ഗുണ്ടാ ആക്രമമാണെന്നാണ് നിഗമനം. ബൈക്കുകളിലെത്തിയ അക്രമി സംഘം യുവാവിനെ തടഞ്ഞുനിർത്തി ആക്രമിക്കുകയായിരുന്നു.

സാരമായി പരിക്കേറ്റ സനലിനെ അങ്കമാലിയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു.

### ദമ്പതികളെ കെട്ടിയിട്ടു കവർച്ച

## രണ്ടു പ്രതികൾ ഒഡീഷയിൽ പിടിയിൽ

തൊടുപുഴ: ദമ്പതികളെ കെട്ടിയിട്ട് പണവും സ്വർണവും കവർന്ന കേസിൽ രണ്ടു പ്രതികൾ കസ്റ്റഡിയിൽ. തൊടുപുഴ ഡിവൈഎസ്പിയുടെ നേതൃത്വത്തിൽ രൂപീകരിച്ച പ്രത്യേക അന്വേഷണ സംഘമാണ് പ്രതികളെ ഒഡീഷയിൽ നിന്നും കസ്റ്റഡിയിലെടുത്തത്.

ഇവരെ തൊടുപുഴയിലെത്തിച്ച് അറസ്റ്റു രേഖപ്പെടുത്തുമെന്ന് ഡിവൈഎസ്പി എൻ.എൻ.പ്രസാദ് പറഞ്ഞു. കഴിഞ്ഞ 13ന് പുലർച്ചെയാണ് തൊടുപുഴ നഗരമധ്യത്തിലെ വീട്ടിൽ വൻ കവർച്ച നടന്നത്.

ഒഡീഷയിലെ മുനിഗുഡിയെന്ന സ്ഥലത്തു നിന്നാണ് പ്രതികളെ കസ്റ്റഡിയിലെടുത്തത്.

## കണ്ടിജൻസി ജീവനക്കാരന് ഹോട്ടലുകളിൽ സൗജന്യ ഭക്ഷണവും മാസപ്പടിയും

കായംകുളം: ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ ഹോട്ടലുകൾ പരിശോധിക്കുന്നതിന്റെ മുൻകൂർ വിവരം ഹോട്ടലുകാരെ അറിയിക്കുന്നതിന്റെ പാരിതോഷികമായി സൗജന്യ ഭക്ഷണവും മാസപ്പടിയും വാങ്ങുന്നതായി ആക്ഷേപം ഉയരുന്നു.

ഒരു കണ്ടിജൻസി ജീവനക്കാരൻ മാറിമാറി വരുന്ന ഭരണകക്ഷിക്കാരെ സ്വാധീനിച്ചാണ് തസ്തിക നിലനിർത്തുന്നത്. എംപ്ലോയ്മെന്റിൽ പേര് റജിസ്റ്റർ ചെയ്തു സീനിയോരിറ്റി അവസാനിക്കാൻ വരെ സമയമായിട്ടും ഡ്രൈവർ പോസ്റ്റിൽ എംപ്ലോയ്മെന്റ് ഉദ്യോഗാർത്ഥികളെ നിയമിക്കാത്തതിൽ ദുരൂഹത ഏറുകയാണ്. ഈ താൽക്കാലിക ജീവനക്കാരൻ നഗരസഭയ്ക്കെതിരെ ഹൈക്കോടതിയിൽ കേസ് റജിസ്റ്റർ ചെയ്തു സ്ഥിരം നിയമനം നേടിയതാണ്. നഗരസഭയ്ക്കു സ്ഥിരം ഡ്രൈവർ ആയി ഒരാൾ മാത്രമേയുള്ളൂ. എംപ്ലോയ്മെന്റിൽ നിന്നും ഡ്രൈവർമാരെ നിയമിക്കാത്തതിൽ വ്യാപക പരാതികൾ ഉയരുകയാണ്. സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ വേണ്ട നടപടികൾ സ്വീകരിക്കണമെന്നും ഉദ്യോഗാർത്ഥികൾ ആവശ്യപ്പെടുകയാണ്.

### എൻഡിഎ കേരള ഘടകം പുനസംഘടിപ്പിച്ചു



കുമ്മനം



തുഷാർ

കോഴിക്കോട്: എൻഡിഎയുടെ കേരള ഘടകം പുനസംഘടിപ്പിച്ചു. പാർട്ടി സംസ്ഥാന അധ്യക്ഷൻ കുമ്മനം രാജശഖരനെ കേരളഘടകം ചെയർമാനായി തെരഞ്ഞെടുത്തു. ബിഡിജെഎസ് അധ്യക്ഷൻ തുഷാർ വെള്ളാപ്പള്ളിയെ കൺവീനറായും കേരള കോൺഗ്രസ് തോമസ് വിഭാഗം നേതാവ് പി.സി. തോമസിനെ കേരളത്തിൽ നിന്നുള്ള എൻഡിഎയുടെ ദേശീയ പ്രതിനിധിയായും നിയമിച്ചു. ബിജെപി ദേശീയ അധ്യക്ഷൻ അമിത് ഷായുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിലാണ് പുനസംഘടന. രാജീവ് ചന്ദ്രശേഖർ എംപിയെ വൈസ് ചെയർമാനായും സി.കെ.ജാനുവിനെയും രാജൻ ബാബുവിനെയും കോകൺവീനർമാരായും തെരഞ്ഞെടുത്തു.

### ഡിസംബർ വരെ കാവേരി ജലം വിട്ടുകൊടുക്കില്ലെന്ന് കർണാടക

ന്യൂഡൽഹി: ഡിസംബർ വരെ കാവേരി നദീജലം തമിഴ്നാടിന് വിട്ടുനൽകാനാവില്ലെന്ന് കർണാടക സുപ്രീംകോടതിയെ അറിയിച്ചു. ഇടക്കാല ഉത്തരവിൽ മാറ്റം വരുത്തണമെന്നാവശ്യപ്പെട്ട് നൽകിയ ഹർജിയിലാണ് കർണാടക നിലപാട് വ്യക്തമാക്കിയത്. കർണാടകം ജലം ക്ഷാമം നേരിടുന്നുണ്ട്. റിസർവോയറിൽ ആവശ്യത്തിന് ജലമില്ല. സംസ്ഥാനത്തെ നിലവിലെ സാഹചര്യത്തിൽ ജലം വിട്ടുകൊടുക്കാനുള്ള സുപ്രീംകോടതി ഉത്തരവ് നടപ്പാക്കാനാവില്ല. വെള്ളം വിട്ടുകൊടുത്താൽ ബംഗളൂരുവിലും കാവേരി മേഖലയിലും കുടിവെള്ള വിതരണം താളം തെറ്റുമെന്നും കർണാടക കോടതിയെ അറിയിച്ചു. കൂടാതെ കർണാടകരെ വിളനാശമാകും കാത്തിരിക്കുന്നതെന്നും അറിയിച്ചു. തമിഴ്നാടിന്റെ ഹർജി സുപ്രീംകോടതി ഇന്നു പരിഗണിക്കും.

## ഇരട്ടകുട്ടികളെ കൊലപ്പെടുത്തി യുവതി ആത്മഹത്യ ചെയ്തു

കുറ്റിപ്പുറം പൊലീസ് സ്റ്റേഷനു സമീപം കഴുത്തല്ലൂർ പനത്തിൽ ഓട്ടോ ഡ്രൈവറായ ഫസലു റഹ്മാന്റെ ഭാര്യ വളാഞ്ചേരി പരിതിയിൽ ഹംസയുടെ മകളുമായ ജസീല (27), ഇരട്ടക്കുട്ടികളായ ഫർഹാദ്, ഫർഹാന (ഒന്നര) എന്നിവരാണ് മരിച്ചത്.

കുട്ടികളെ കഴുത്തിൽ കയർ മുറുക്കി കൊലപ്പെടുത്തിയ ശേഷം ജസീല തീകൊളുത്തി ആത്മഹത്യ ചെയ്യുകയായിരുന്നു.

ജസീലയുടെ സഹോദരൻ അനീസ് ആണ് കുറ്റിപ്പുറം പോലീസിൽ വിവരം അറിയിച്ചത്. ഇവർക്കു അഞ്ചു വയസുള്ള മറ്റൊരു മകനുമുണ്ട്. ഈ കുട്ടി വല്യമ്മയുടെ കൂടെയാണ് കിടന്നിരുന്നതിനാൽ ഒന്നും സംഭവിച്ചിട്ടില്ല.

തിങ്കളാഴ്ച പുലർച്ചെ അഞ്ച് മണിയോടെയാണ് സംഭവം എന്നാണ് കരുതുന്നത്. ജസീലയുടെ മൃതദേഹം വീട്ടിലെ കുളിമുറിയിലാണ് കാണപ്പെട്ടത്. ജസീലയുടെ മൃതദേഹം കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിലേക്ക് മാറ്റി.

കുട്ടികളുടെ മൃതദേഹം വളാഞ്ചേര് സ്വകാര്യ ആശുപത്രിയിലാണുള്ളത്. പോലീസ് സംഭവ സ്ഥലത്തെത്തി അന്വേഷണം ആരംഭിച്ചു.

## ബിവറേജസ് ഔട്ട്ലെറ്റുകളിൽ ഡപ്യൂട്ടേഷൻകാർ വർദ്ധിക്കുന്നു

കായംകുളം: ബിവറേജസ് ഔട്ട്ലെറ്റുകളിൽ ഡപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കുന്നവരുടെ എണ്ണം വർദ്ധിക്കുന്നു.

വർഷങ്ങളായി ബിവറേജസ് ഔട്ട്ലെറ്റുകളിൽ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ നിന്നും ഡപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നവർ സ്വകാര്യ വരുമാനത്തിന്റെ രുചി മനസിലാക്കി ഇവിടെ നിന്നു പഴയ താവളത്തിലേക്കു തിരികെ പോകുവാൻ താൽപര്യം കാട്ടുന്നില്ല.

ആലപ്പുഴ ജില്ലയിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ ഇത്തരക്കാരുടെ കുറവുകാരണം ഓഫീസ് പ്രവർത്തനം താറുമാറായി എന്നാണു കേൾക്കുന്ന രഹസ്യവാർത്ത.

രാഷ്ട്രീയ നേതാക്കളുടെ ഒത്താശയോടെയാണ് ഇക്കൂട്ടർ ബിവറേജസിൽ താവളമടിച്ചിരിക്കുന്നത്. രാഷ്ട്രീയ നേതാക്കൾക്കു മാസപ്പടിയും മുന്തിയ ഇനം മദ്യവും ഇവർ നൽകുന്നുണ്ടെന്നും ആക്ഷേപമുണ്ട്.

കൂടാതെ പഴയ ചാരായ തൊഴിലാളികൾ വർഷങ്ങളായി ഒരേ സ്ഥലത്തുതന്നെ ജോലി ചെയ്യുന്നതും കാണാവുന്നതാണ്. പഴയ ചാരായ മുതലാളിമാരുടെ പിന്നാമ്പുറക്കഥകൾ പിന്തുടരുകയാണ് ഈ തൊഴിലാളികളെന്നും ആരോപണമുണ്ട്.

ചില്ലറ മദ്യവ്യാപാരികൾക്ക് 100, 150 രൂപ അധികം കോഴ വാങ്ങി ലക്ഷാധിപതികളായ തൊഴിലാളികളുമുണ്ടെന്നാണ് മറ്റൊരു ആരോപണം. ബാറുകൾ പൂട്ടിയതിനുശേഷം ഇവരുടെ അധികവരുമാനവും വർദ്ധിക്കുന്നു.

### കെഎസ്യു മാർച്ചിൽ സംഘർഷം; 'കളർപ്രയോഗം' ചീറ്റിപ്പോയി

തിരുവനന്തപുരം: സെക്രട്ടറിയറ്റിലേക്കുള്ള പ്രതിഷേധ മാർച്ചിൽ സംഘർഷം. സംഘർഷത്തിൽ കളർപ്രയോഗം നടത്താനുള്ള നീക്കം പക്ഷെ ചീറ്റിപ്പോയി. കുപ്പിയിൽ ചുവന്ന ചായവും കൊണ്ടാണ് ഇന്നലെ കെഎസ്യുക്കാർ സെക്രട്ടേറിയറ്റിലെത്തിയത്. പോലീസിന്റെ അടി കിട്ടുമ്പോൾ കുപ്പി തുറന്ന് കളർ പുരട്ടാനായിരുന്നു നീക്കം. അതെല്ലാം വെറുതെയായി. മാർച്ചിൽ ചെറിയ ഉന്തും തള്ളും ഉണ്ടായപ്പോഴെക്കും ചോരചായം നിറച്ച കുപ്പികൾ റോഡിൽവീണ് ആകെ അലങ്കോലമായി ഇന്നലെ രാവിലെ സെക്രട്ടറിയറ്റിന് മുന്നിലാണ് യൂത്ത് കോൺഗ്രസുകാരുടെ ചോരക്കളി പൊളിഞ്ഞത്. വിദ്യാഭ്യാസ ബന്ദിന്റ മറവിൽ സ്കൂൾ കോളേജ് ബസുകൾ തടഞ്ഞാണ് പ്രകടനം തുടങ്ങിയത്. ലാത്തിചാർജും ജലപീരങ്കിയും പ്രയോഗിച്ചതോടെ സമരക്കാർ തിരിച്ചോടാൻ തുടങ്ങി. അപ്പോഴാണ് നേതാക്കളുടെ കൈയിൽ നിന്നും ചുവപ്പുചായം തേച്ച കുപ്പികൾ റോഡിൽ വീണത്.


സമ്പൂർണ്ണ വർഷകാല ദേഹരക്ഷാ ചികിത്സ



നാഡിപിടിച്ച് രോഗം കണ്ടുപിടിക്കുന്ന
എൻ. സദാനന്ദൻ വൈദ്യൻ

ആധുനിക വൈദ്യശാസ്ത്രവും ആയുർവേദവും ഉൾപ്പെടെ വിദഗ്ദ്ധന്മാർ കയ്യൊഴിഞ്ഞ രോഗികളെ കണ്ടെത്തി ചികിത്സിക്കുന്ന അപൂർവ്വ പ്രതിഭ. യാതൊരു ടെസ്റ്റിന്റെയും പിൻബലമില്ലാതെ നാഡിസ്പന്ദനങ്ങളിലൂടെ രോഗം തിരിച്ചറിഞ്ഞ് പൂർണ്ണമായും ഭേദമാക്കുകയും ചെയ്യും

മർമ്മക്ഷതങ്ങൾ, മണ്ടപീനസം, തലവേദന, ചെവിപഴുപ്പ്, വാതസംബന്ധമായ രോഗങ്ങൾ, ആസ്ത്മ, മൈഗ്രെയ്ൻ കൂടാതെ കല്ലിന്റെ അസുഖങ്ങൾക്ക് പൂർണ്ണമായും ചികിത്സയുണ്ട്, തിരുമോടുകൂടി എല്ലാ കിഴികളും ചെയ്യുന്നതാണ്. മഞ്ഞപിത്തം എത്ര കൂടിയതാണെങ്കിലും ഗ്യാരന്റിയോടെ ഭേദപ്പെടുത്തി കൊടുക്കും

എസ്. ആർ. എം. എസ്. വൈദ്യശാല

എൻ. സദാനന്ദൻ വൈദ്യർ, ആർ. എം. പി. രജി. നമ്പർ: 46682, ഐ. എസ്. ആർ. ഒ ജംഗ്ഷൻ, (ഐ. ഐ. എസ്. റ്റി കോളനിക്ക് സമീപം), ചുള്ളിമാനൂർ പി. ഒ, നെടുമങ്ങാട്.

ഫോൺ : 0472 – 2878705, 9495310731, 9400578705.



ഓപ്പറേഷൻ കൂടാതെ സുഖപ്പെടുത്തും

പൈൽസ്/വേരിക്കോസ്

ഫിഷർ/ഫിസ്റ്റുല

IR ലേസർ / സ്ക്ലിറോ ചികിത്സ

Dr. Suseelan. L.M.B.B.S. D.M.C.H MBA. Phd

SN ഹോസ്പിറ്റൽ

കോന്നി, ചാരുംമൂട്, ചക്കുവള്ളി

Phone : 9446273199, 9496401234.



അഴിമതിക്കും അനീതിക്കുമെതിരെ വായനക്കാർക്കും പ്രതികരിക്കാം

നമ്മുടെ നാടിനെ അഴിമതിരഹിത നാടാക്കുവാൻ
വായനക്കാരുമായി കൈകോർത്ത്
തനിനിറം എക്സ്പ്രസ്സ്
പ്രതികരണം പംക്തി ആരംഭിക്കുന്നു

പ്രസിദ്ധീകരണ യോഗ്യമായതെളിവുകളുള്ള ഏതൊരു വാർത്തയും നൽകി വായനക്കാർക്ക് പ്രതികരിക്കാം.

വാർത്തകൾ അയക്കേണ്ട വിലാസം: പത്രാധിപൻ, പ്രതികരണ പംക്തി, ഹെഡ്ക്വാർട്ടേഴ്സ്, ശാന്തിനികേതൻ, തെക്കേക്കര പി. ഒ, മാവേലിക്കര, വാത്തികുളം.



Edited, printed, published and owned by R.Rajan Edayadi, Santi Nikethan, Thekkekara P.O., Vathikulam (via), Mavelikkara, Alappuzha, Kerala, Ph: 0479 2333711, 2330911, 2339977, 7025025999
Emai:thaniniramoffice2014@gmail.com, rajanedayadi1956@gmail.com, printed at Swabin Offset, Statue, Thiruvananthapuram-1, for Lekshmi Printers, Mavelikkara
Editor R. Rajan Edayadi (Editor responsibile for the selection of news under prb act), Thiruvananthapuram Bureau: Suffis Arcades, Near Press Club, Thiruvananthapuram 1. Ph: 0471 2333911 .